പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 17

എറണാകുളം 1970 മേയ് 31 ഞായർ

വില 35 സ.

*** ഈ ലക്കത്തിൽ ***

* കുറിപ്പുകൾ

കരുതിയിരിക്കുക

പരീക്ഷാഫലം

* കാഴ്ചപ്പാടുകൾ

നക്സൽബാരികൾ മുള്ളും, പൂക്കളും

* ലേഖനം

പുറംനാട്ടിൽ നിന്നു

അമേരിക്കയുടെ ഭീകരചിത്രം

* എഴുതാപ്പുറം

* കത്തുകൾ

# 17

കുറിപ്പുകൾ

## കരുതിയിരിക്കുക

കോൺഗ്രസ്സ് നേതാക്കളുടെ ചിന്താക്കുഴപ്പത്തിന്റെ പ്രദർശന രംഗമായിരുന്നു ഡൽഹിയിൽച്ചേർന്ന നേതൃസമ്മേളനം. സംഘടനയെ ശക്തിപ്പെടുത്തേണ്ടതിന്റെ കാര്യത്തിലായാലും ശരി, പുരോഗമനപരമായ നടപടികളുടെ കാര്യത്തിലായാലും ശരി മതേതരത്വത്തിന്റെ കാര്യത്തിലായാലും ശരി, വിദേശനയ കാര്യത്തിലായാലും ശരി, നേതാക്കൾക്ക് യാതൊരു വ്യക്തതയുമില്ല.

ഇപ്പോഴത്തെ കോൺഗ്രസ്സ് നേതാക്കൾക്ക് മാത്രമാണ് ഈ ചിന്താക്കുഴപ്പമുള്ളതെന്നു പറയുന്നില്ല. ജവഹർലാൽ നെഹ്റുവിന്റെ കാലത്തും ഇത്തന്നെയായിരുന്നു സ്ഥിതി. അതിനു മുമ്പ് ഗാന്ധിജി മററു കോൺഗ്രസ്സ് നേതാക്കൾക്കെല്ലാം വേണ്ടി ചിന്തിച്ചുകൊണ്ടിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം നയപരമായ കാര്യങ്ങളിൽ കോൺഗ്രസ്സ്നേതാക്കൾ തമ്മിൽ ഒരിക്കലും കാര്യമായ സംഘട്ടനമുണ്ടായിട്ടില്ല. നയമെന്തുതന്നെയായാലും ശരി ഓരോരുത്തരും ഇഷ്ടമുള്ളവഴിക്കുപോയ്ക്കൊണ്ടിരുന്നു. ജനാധിപത്യത്തിന്റെയും രമ്യതയുടേയും പേരിൽ നെഹ്റു പരസ്പരവിരുദ്ധമായ എല്ലാ നിലപാടുകൾക്കും വഴങ്ങികൊടുക്കുകയും ചെയ്തു. കാരണം നെഹ്റു ഉൾപ്പെടെ എല്ലാനേതാക്കൾക്കും ഒരു കാര്യത്തിൽ പരിപൂർണ്ണയോജിപ്പായിരുന്നു. അധികാരത്തിൽ എങ്ങിനെയും തുടരണമെന്നതിൽ അഭിപ്രായഭിന്നതയാർക്കും ഉണ്ടായിരുന്നില്ല.

നെഹ്റുവിന്റെ മകൾ ഇന്ദിരയുടെ നേതൃത്വത്തിലും അത്തന്നെയാണ് സ്ഥിതി. കോൺഗ്രസ്സിന്റെ ഭിന്നിപ്പിനു കാരണം നയപരിപാടികളിലുള്ള അഭിപ്രായഭിന്നതയാണെന്നു പ്രസംഗവേദിയിൽ നിന്നു പ്രചരണം നടത്തുന്നത് മാത്രമാണെന്നു വളരെവേഗം തന്നെ തെളിഞ്ഞുകഴിഞ്ഞു. ബാങ്ക് ദേശസാൽക്കരണം പോലും സംശയകരമായ പരിതസ്ഥിതിയിലാണുണ്ടായത്. പിന്നീട് ഇന്ദിരാഗാന്ധി സ്വീകരിച്ച പരിപാടിയോരോന്നും പിന്തിരിപ്പന്മാരെയും കുത്തകമുതലാളിമാരേയും സഹായിക്കുന്നതുമായിരുന്നു.

നിരാശയോടെ യുവതുർക്കി നേതാവായ ചന്ദ്രശേഖർ വിമർശനം നടത്തിയതിൽ അത്ഭുതമില്ല. ബോംബേ സമ്മേളനത്തിൽ ജനങ്ങളോട് വാഗ്ദാനംചെയ്ത പുരോഗമന നടപടികളെങ്കിലും നടപ്പാക്കിയില്ലെങ്കിൽ അധികാരത്തിൽതുടരാൻ ഗവർമ്മെണ്ടിനവകാശമില്ലെന്നു ചന്ദ്രശേഖർ പറഞ്ഞു.

"നമുക്ക് നക്സലൈററുകളേയോ അസംതൃപ്തരായ മററു ഇടതുപക്ഷ പ്രസ്ഥാനത്തേയോ അവഹേളിക്കാൻ യാതൊരവകാശവുമില്ല. ജനങ്ങളെ വിഡ്ഢികളാക്കുന്നത് നിർത്തുവാനെങ്കിലും നാം ആത്മാർത്ഥതയുള്ളവരായിരിക്കണം" എന്നു ചന്ദ്രശേഖരൻ തുറന്നു പറയുകയുണ്ടായി. അദ്ദേഹംപറഞ്ഞതിൽ ആദ്യഭാഗത്തോടു യോജിക്കാത്ത രാജ്യസ്നേഹികളുണ്ടാകയില്ല. പക്ഷെ രണ്ടാമതു പറഞ്ഞതുപോലെ ജനങ്ങളെ വിഡ്ഢികളാക്കാതിരിക്കുന്നതിൻ ആത്മാർത്ഥതകാണിച്ചതുകൊണ്ടായില്ല. അതു അധികാരത്തിൽ തുടരുന്നതിനുള്ള ചെപ്പിടി വിദ്യകളേയാകുകയുള്ളൂ.

വിട്ടുവീഴ്ചയില്ലാത്ത സോഷ്യലിസ്റ്റ് പരിപാടികളാണു ഇന്നത്തെയാവശ്യം. അതിനു തടസ്സം നിൽക്കുന്നതെന്തുതന്നെയായാലും തട്ടിമാററണം. ഭരണഘടനയോ, പാർലിമെന്റോ കോടതിയോ, ഉദ്യോഗസ്ഥമേധാവിത്വമോ, പാർട്ടിനേതൃത്വമോ, ഏതുമായിക്കൊള്ളട്ടെ—പരിവർത്തനത്തിനെതിരെ നിൽക്കുന്നവരെ തകർ

(ശേഷം 4-ാം പേജിൽ)

# പരീക്ഷാഫലം

എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിൽ യഥാർത്ഥവിജയം 12ശതമാനംവിദ്യാർത്ഥികൾക്കുമാത്രമാണെന്നു് ഔദ്യോഗികമായിത്തന്ന അറിവായിരിക്കുന്നു. മുപ്പതു് മാർക്കു് വീതം ഓരോരുത്തർക്കും കൂട്ടിയിട്ടുകൊടുത്തിട്ടാണു് വിജയശതമാനം 37.9 ആക്കി ഉയർത്തിയതു്. പരീക്ഷക്കു ഹാജരാകുന്ന വിദ്യാർത്ഥികളിൽ എൺപത്തിയെട്ടു ശതമാനം പേരും പരാജയപ്പെടുകയെന്നതു് ആരെയും ഞെട്ടിക്കുന്ന കാര്യമാണു്.

എന്തുകൊണ്ടാണു് ഇത്രയേറെ വിദ്യാർത്ഥികൾ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിൽ പരാജയപ്പെടുന്നതു്? ഒന്നാമതായിത്തന്നെ നാട്ടിൽ പൊതുവെയുള്ള കാര്യക്ഷമതയില്ലായ്മയും സാമൂഹ്യസ്ഥിതിയും തന്നെ കാരണം. ഉച്ചനീചത്വങ്ങൾ അവസാനിപ്പിച്ചു് സ്വന്തം തൊഴിൽ ജനതയും അഭിമാനമുണ്ടാകുന്ന ഒരു നില കൈവരാതെ രാജ്യത്തിന്റെ പ്രശ്നങ്ങൾക്കു കാതലായ പരിഹാരമുണ്ടാക്കാൻ പോകുന്നില്ല. പക്ഷെ ഈ വർഷം പെട്ടെന്നു് ഇത്രയേറെ കുട്ടികൾ പരാജിതരായതെന്തു്കൊണ്ടു് എന്ന പ്രശ്നം അവശേഷിക്കുകയാണു്.

നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾ മുൻകൊല്ലങ്ങളെയപേക്ഷിച്ചു് ബുദ്ധിയില്ലാത്തവരായിയെന്നു കരുതാനാവില്ലല്ലോ. അതേപോലെതന്നെ അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരും പെട്ടെന്നു കാര്യക്ഷമത കുറഞ്ഞവരാകാനിടയില്ല. കഴിഞ്ഞവർഷമാണെങ്കിൽ താരതമ്യേന അദ്ധ്യയനദിവസങ്ങൾ കൂടുതലായിരുന്നു. പഠിപ്പുമുടക്കങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. പിന്നെ എന്താണു് ഈ ദുരന്തത്തിനു കാരണം? പരീക്ഷാസമ്പ്രദായത്തിൽ വല്ലമാററവും വരുത്തിയതുകൊണ്ടോ, അതോ ഫലനിർണ്ണയം കൂടുതൽ കർക്കശമാക്കിയതുകൊണ്ടോ ആണോ? അതെല്ലാം നന്നായിപഠിച്ചു് ഉത്തരം പറയേണ്ട കാര്യങ്ങളാണു്. എന്നാൽ നിഷേധിക്കാനാവാത്ത ചിലവസ്തുതകളുണ്ടു്.

സ്വകാര്യസ്കൂളുകളിലെ പരീക്ഷാഫലം താരതമ്യേന മെച്ചപ്പെട്ടതാണു്. ഗവർമ്മെണ്ടു് സ്കൂളുകളിൽ കൂടുതൽ വിദ്യാർത്ഥികൾ പരാജയപ്പെടുന്നു. ഇതു് ചൂണ്ടിക്കാട്ടിക്കൊണ്ടു് സ്വകാര്യ സ്കൂളുകളുടെ മാനേജ്മെന്റിനെ വാഴ്ത്തുന്നവർ ചുരുക്കമല്ല.

സ്വകാര്യ സ്കൂളുകളിൽ പരീക്ഷാഫലം നന്നാക്കുന്നതിനു സ്വീകരിക്കുന്ന അവിഹിതമാർഗങ്ങളെ കണക്കാക്കാതിരിക്കുന്നതു് ശരിയായിരിക്കുകയില്ല. താഴ്ന്ന ക്ലാസ്സുകൾ മുതൽ അരിച്ചു പെറുക്കിയാണു് ഉയർന്ന ക്ലാസ്സുകളിലേക്കു വിദ്യാർത്ഥികളെ കയററിവിടുന്നതെന്നു ഗവ:സ്കൂളുകളിലെഅദ്ധ്യാപകർ ചൂണ്ടിക്കാണിക്കാറുണ്ടു്. ഗവർമ്മെണ്ടു് സ്കൂളുകളിൽതന്നെ ഇംഗ്ലീഷ് മാദ്ധ്യമക്കാരെ മാത്രമെടുത്താൽ നല്ല പരീക്ഷാഫലമാണുണ്ടാകുന്നതത്രെ.

പരീക്ഷാഫലം നന്നാക്കുന്നതിനുവേണ്ടി എട്ടാം ക്ലാസ്സിലെത്തിയാൽ, തോൽക്കുമെന്നു തോന്നുന്ന കുട്ടികളെ നിർബ്ബന്ധമായും ടി. സി. കൊടുത്തു വിടുന്ന ചില സ്വകാര്യ വിദ്യാലയങ്ങളുണ്ടു്. പഠിക്കാത്ത കുട്ടികളെമാത്രം അവസാനം ഗവർമ്മെണ്ടു് സ്കൂളുകളിൽ കിട്ടുന്നുവെന്നാണു് ഗവ: അദ്ധ്യാപകരുടെ പരാതി. ഗവ! സ്കൂളുകളിൽ ഏതു വിദ്യാർത്ഥിക്കും പ്രവേശനം കൊടുത്തു കൊള്ളണമെന്നുമാണു് ചട്ടം. ഈ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ സ്വകാര്യസ്കൂളുകളിൽ നിന്നു ടി. സി. കൊടുത്തുവിട്ട പലവിദ്യാർത്ഥികളും ഗവ: സ്കൂളുകളിൽ ചെന്നു ചേർന്നിട്ടുണ്ടു്.

പെൺകുട്ടികളുടെ സ്കൂളുകളിലാണു് ഈ സമ്പ്രദായം അധികവും നടക്കുന്നതു്. ആൺകുട്ടികളെയങ്ങനെ എളുപ്പം ടി. സി. കൊടുത്തു് പറഞ്ഞയക്കാൻ വിഷമതയുണ്ടാകും.

വിദ്യാർത്ഥികളുടെ എണ്ണത്തിലും സ്വകാര്യ സ്കൂളുകളും ഗവ:സ്കൂളുകളും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. സ്വകാര്യ സ്കൂളുകളിൽ എസ്സ്. എസ്സ്. എൽ. സി. ക്ലാസ്സിൽ മുപ്പതും മുപ്പത്തിയഞ്ചും വിദ്യാർത്ഥികളെ മാത്രമേ ഇരുത്തിപഠിപ്പിക്കേണ്ടിവരുന്നുള്ളൂ. ആ സ്ഥാനത്തു് ഗവ. സ്കൂളുകളാണെങ്കിൽ അമ്പതും അറുപതും വിദ്യാർത്ഥികൾ വരെ ഒരു ക്ലാസ്സിൽ ഉണ്ടാകാറുണ്ടു്. അത്രത്തോളം അദ്ധ്യാപനത്തിനും അദ്ധ്യയനത്തിനും മെച്ചം കുറയുകയും ചെയ്യും.

ഗവർമ്മെണ്ടു് സ്കൂളുകളിൽ തന്നെ തിരുവനന്തപുരത്തേയും തൃശ്ശൂരിലേയും മോഡൽ സ്കൂളുകളിൽ എന്തുകൊണ്ടു്, നല്ല പരീക്ഷാഫലമുണ്ടാകുന്നുവെന്നു പരിശോധിച്ചുനോക്കേണ്ടതാണു്. ആ അടിസ്ഥാനത്തിൽ എല്ലാ ഗവർമ്മെണ്ടുസ്കൂളുകളേയും മോഡൽസ്കൂളുകളുടെ നിലവാരത്തിലേക്കു ഉയർത്താനായിരിക്കണം ഗവർമ്മെണ്ടിന്റെ ശ്രമം.

മോഡൽസ്കൂളുകളിൽ അദ്ധ്യാപകർ സ്ഥിരമാണെന്നും സ്ഥലമാററങ്ങൾകൊ

(ശേഷം 16–ാം പേജിൽ)

## വരിക്കാരോട്

ʻനിർണ്ണയംʼ വാരിക കൃത്യമായി അയച്ചുകിട്ടുന്നില്ലെന്നു ചില വരിക്കാർ പരാതിപ്പെട്ടിരിക്കുന്നു. വാരിക പുറത്തിറങ്ങുന്നയുടനെ എല്ലാവരിക്കാർക്കും അതു് തപാലിൽ അയക്കുന്നുണ്ടു്. വരിക്കാരുടെ മേൽവിലാസം കൃത്യമായും പൂർണ്ണമായും ഓഫീസിൽ അറിയിക്കണമെന്നഭ്യർത്ഥിക്കുന്നു. മേൽവിലാസത്തിലുണ്ടാകുന്ന മാററങ്ങളും അപ്പഴപ്പോൾ ഓഫീസിൽ എഴുതി അറിയിക്കേണ്ടതാണു്. ഇനിയും വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഉടനെതന്നെ വരിസംഖ്യ ഓഫീസിൽ എത്തിക്കണം. പണം മണിഓർഡറായി അയക്കാവുന്നതാണു്. ഏജൻറുമാരും കുടിശ്ശിക തീർക്കണമെന്നു അപേക്ഷിക്കുന്നു.

(വാർഷിക വരിസംഖ്യ 16 ക.)

(അർദ്ധവർഷത്തേക്കു് 8 ക)

മാനേജർ.

# പുറംനാട്ടിൽ നിന്നു അമേരിക്കയുടെ ഭീകരചിത്രം

(ലോകത്തിന്റെ മററു ഭാഗങ്ങളിൽ ഈയിടെയായി അമേരിക്കയെക്കുറിച്ചുള്ളയഭിപ്രായമെന്താണ്? പ്രശസ്തനായ ബ്രിട്ടീഷ് ചരിത്രകാരൻ ആർണോൾഡ് ടോയിൻ ബീയോട് കഴിഞ്ഞയാഴ്ച ന്യൂയോർക്ക ടൈംസ്' ഈ ചോദ്യം ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടിയാണ് താഴെ കൊടുത്തിരിക്കുന്നത്. ന്യൂയോർക്ക് ടൈംസ് വീക്കിലിറെവ്യൂ)

ലണ്ടൻ—മിക്ക യൂറോപ്യന്മാരുടേയും ദൃഷ്ടിയിൽ ലോകത്തിലേററവും അപകടകരമായ രാജ്യമാണ് അമേരിക്കയെന്നു ഞാനൂഹിക്കുന്നു. അമേരിക്കയാണ് ഏററവും ശക്തിയേറിയ രാജ്യമെന്നതിൽ തർക്കമില്ല. അതുകൊണ്ട് കഴിഞ്ഞ മുപ്പതു വർഷത്തിൽ അമേരിക്കയെക്കുറിച്ചുള്ളധാരണയിൽ വന്നമാററം യൂറോപ്യന്മാർക്കു വളരെ ഭീതിയുളവാക്കുന്നുണ്ട്. ഒരുപക്ഷെ, യൂറോപ്യന്മാരോ, വടക്കെ അമേരിക്കക്കാരോ അല്ലാത്ത, മനുഷ്യരാശിയിലെ ബഹുഭൂരിഭാഗം വരുന്ന ലാററിൻ അമേരിക്കക്കാർക്കും ഏഷ്യക്കാർക്കും ആഫ്രിക്കക്കാർക്കും അത് കൂടുതൽ ഭീതിജനകമാണ്. നമുക്കു തോന്നുന്നതിലേറെ അസ്വാസ്ഥ്യം അവർക്കു തോന്നുന്നുണ്ടെന്നു ഞാൻ കരുതുന്നു. ആഭ്യന്തരകാര്യങ്ങളിൽ ഏതു നിമിഷവും അമേരിക്ക ഇടപ്പെട്ടേക്കാമെന്നും തെക്കു കിഴക്കേ ഏഷ്യയിൽ അമേരിക്ക ഇടപെട്ടുകൊണ്ടുണ്ടായ അതേ ഭീകര പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാമെന്നും അവർക്കു തോന്നുന്നു.

ലോകത്തെ മുഴുവൻ എടുത്താൽ സി.ഐ.ഏ. ഒരു പേടിസ്വപ്നമാണ്. അമേരിക്കക്കു കമ്യൂണിസത്തെപ്പോലെ തന്നെ. എവിടെയൊക്കെ കുഴപ്പവും അക്രമവും ദുരിതവും ദുരന്തവുമുണ്ടോ അതിന്റെയൊക്കെ പിന്നിൽ സി. ഐ. ഏ. ക്കു കയ്യുണ്ടെന്നു ബാക്കിയുള്ള നമ്മെപ്പോലുള്ളവർ പെട്ടെന്നു സംശയിക്കുന്നു. നമുക്കു സി. ഐ. ഏയെക്കുറിച്ചുള്ള ഭീതി, അമേരിക്കക്കു ലോക കമ്യൂണിസത്തെക്കുറിച്ചുള്ള ഭീതിയെപ്പോലെതന്നെ അതിരുകടന്നതാണ്. പക്ഷെ ഇക്കാര്യത്തിൽ ഭീതി ശരിയായിത്തന്നെയുണ്ടാകുന്നതാണെന്നു ബോദ്ധ്യം വരത്തക്കവണ്ണം വേണ്ടത്ര തെളിവുണ്ട്. വാസ്തവത്തിൽ, ലോകദൃഷ്ടിയിൽ അമേരിക്കയുടേയും റഷ്യയുടേയും പങ്ക് മറിഞ്ഞുവന്നിരിക്കയാണ്. ഇന്നു അമേരിക്ക ലോകത്തിന്റെ പേടിസ്വപ്നമായിരിക്കുന്നു.

കമ്യൂണിസ്റ്റ് റഷ്യയെപ്പോലെതന്നെ, അമേരിക്കയും അതിനു സത്യവും നീതിയും എന്നു തോന്നുന്ന കാര്യങ്ങൾക്കുവേണ്ടി അതിക്രമങ്ങൾ കാണിച്ചിട്ടുണ്ട്. അമേരിക്കയുടെ ഭ്രാന്തൻ വിശ്വാസങ്ങൾ ആത്മാർത്ഥതയുള്ളതാണെന്നും നാം കരുതുന്നു. ഇതാണ് കൂടുതൽ അസ്വാസ്ഥതയുണ്ടാക്കുന്നത്.

ജീവൻ നഷ്ടപ്പെടുത്തിയതിന്റേയും ഭൂമി തരിശായി മാററിയതിന്റേയും കണക്കെടുത്താൽ അമേരിക്കയുടെ പങ്ക് രണ്ടാം ലോകമഹായുദ്ധം അവസാനിച്ച ശേഷം മറേറതു നാടിന്റേതിനേക്കാളും കൂടുതലാണ്. അമേരിക്കയുടെ സൈന്യം "രക്ഷപ്പെടുത്തിയ" ഒരു വിയററ്നാംകാരനാകണമെന്നോ, അതോ റഷ്യയുടെ സൈന്യം "രക്ഷപ്പെടുത്തിയ" ഒരു ചെക്കോസ്ലാവാക്യാക്കാരനാകണമെന്നോ എനിക്കു താൽപ്പര്യം? തീർച്ചയായും ഞാൻ ചെക്കോസ്ലാവാക്യക്കാരനായാൽ മതിയെന്നാണ് വെക്കുക. വിയററ്നാമിൽ അമേരിക്ക കാട്ടിക്കൂട്ടിയതുമായി താരതമ്യപ്പെടുത്തിയാൽ, 1968ൽ റഷ്യയുടെ സൈന്യം ചെക്കോസ്ലാവാക്യയിൽ ഇടപ്പെട്ടു വരുത്തിയ ആൾനാശവും കഷ്ടനഷ്ടവും കുറവാണ്.

അമേരിക്ക എങ്ങിനെയാണ് സ്വന്തം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്? നാം കണ്ടേടത്തോളം അത് കൈകാര്യം ചെയ്യുന്നതിൽ അമേരിക്ക പരാജയപ്പെടുകയാണ്. ഇതാണ് ഇന്നത്തെ അമേരിക്കൻ ജീവിതത്തിലെ ഏററവും ഭയാനകമായ കാര്യം. അരേിക്കൻ ജനത ത്വരിതഗതിയിൽ അഭ്യന്തരയുദ്ധത്തിലേക്കു നീങ്ങുകയാണെന്നുതോന്നും. സൈന്യത്തിൽ ചേരേണ്ടിവരുന്ന യുവാക്കൾ, അതു വേണ്ടിവരാത്ത മദ്ധ്യവയസ്കർക്കെതിരായി, സമൃദ്ധിയുള്ളവർ ദരിദ്രർക്കെതിരായി, വെളുത്തവർ കറുത്തവർക്കെതിരായി, വിദ്യാർത്ഥികൾ നാഷണൽ ഗാർഡുകൾക്കെതിരായി സമരത്തിനൊരുങ്ങുന്നു. (അവസാനം പറഞ്ഞതാണ് ഈപ്പറഞ്ഞ സംഘടനകളിൽ ഏററവും വിനാശത്തിന്റെ വക്കത്ത് നിൽക്കുന്നത്.)

അമേരിക്കയുടെ അഭ്യന്തരരംഗമാണ് വിയററ്നാമിലേയോ, കമ്പോഡിയയിലേയോ, തൈവാനിലേയോ, മദ്ധ്യപൌരസ്ത്യദേശത്തേയോ തുറമുഖങ്ങളിലേക്കാൾ നിർണ്ണായകമായ രംഗം. അമേരിക്കയുടെ അഭ്യന്തര രംഗത്തെ നിശ്ചയങ്ങളാണ് ലോകത്തിന്റെ വിധി നിശ്ചയിക്കാൻ പോകുന്നത്. പുറത്തുള്ള നമുക്ക് ഇത് സംബന്ധിച്ചൊന്നും ചെയ്യാൻ പററില്ല. നമ്മുടെ ശബ്ദത്തിനു അവിടെ സ്ഥാനമില്ല. പക്ഷെ, നമ്മളും അമേരിക്കയുടെ അഭ്യന്തരമായ ദുരന്തത്തിനു ഇരയാകാൻ പോകയാണ്.

ഏറി വരുന്ന ഉൽക്കണ്ഠയോടെയാണ്, നാം ഒരിക്കലുംകാണുമെന്നു പ്രതീക്ഷിക്കാത്ത ഈ കാഴ്ച കാണുന്നതു്. തലയൂരാനാവാത്ത സഖ്യങ്ങൾക്കെതിരായി ജോർജ് വാഷിങ്ടൺ നൽകിയ മുന്നറിയിപ്പ് അമേരിക്ക തിരസ്കരിക്കുമെന്നു ആർക്കെങ്കിലും മുൻകൂട്ടികാണാൻ കഴിയുമായിരുന്നോ? അല്ലെങ്കിൽ അമേരിക്കയെക്കുറിച്ചുള്ള പ്രത്യാശനശിക്കുമെന്നുതന്നെ കരുതാൻ സാധിക്കുമായിരുന്നോ? ഒരു ജീവിതകാലത്തിനിടയിൽ തന്നെ രണ്ടാം വട്ടവും അമേരിക്ക ബാഹ്യലോകത്തിൽ നിന്നു വലിഞ്ഞു് ഇരിക്കണമെന്നു സ്വയം ആഗ്രഹിക്കേണ്ട നിലവരുമെന്നു ആരെങ്കിലും പ്രതീക്ഷിച്ചിരിക്കുമോ? ഒരിക്കൽ അമേരിക്ക മററുള്ളവരിൽനിന്നകന്നു് മാറിക്കഴിയുകയായിരുന്നു. ആ നിലയുപേക്ഷിച്ച് അമേരിക്ക പുറത്തുവരണമെന്നു നാം ആഗ്രഹിച്ചു. ഇന്നു വീണ്ടും അമേരിക്ക സ്വന്തം നാട്ടിലേക്കു തന്നെ പിൻവലിയണമെന്നു നാം ആഗ്രഹിക്കാനിടവരുമെന്നു കരുതിയിരുന്നോ?

അപ്പോൾ, അമേരിക്കയുടെ അഭ്യന്തരരംഗത്തെ സ്ഥിതിഗതികൾ രമ്യതയിലെത്തുമെന്നു കരുതാൽപാടില്ലെന്നാണോ? രണ്ടുവർഷം മുമ്പ് അന്തരാഷ്ട്രസ്ഥിതിയെക്കുറിച്ച് നടന്ന ചർച്ചക്കിടയിൽ ഒരമേരിക്കൻ ഉദ്യോഗസ്ഥന്റെ വായിൽനിന്നു വീണ ചിലവാക്കുകൾ ഞാനോർക്കുന്നു. അവയിൽ ഞാൻ ശകലം പ്രത്യാശ കാണുന്നുണ്ട്. "പല വിയററ്നാമുകളും ഉണ്ടാകാൻ പോകയാണ്." അദ്ദേഹം പറഞ്ഞു "അമേരിക്കയിലെ അമ്മമാർ അത് ഇഷ്ടപ്പെടുന്നില്ലെങ്കിലും"

അമേരിക്കയിലെ അമ്മമാർ: പെന്റഗണിന്റെ ഈ പ്രതിനിധി, പെന്റഗണിന്റെ ഏററവും കടുത്ത എതിരാളിയായി വരാവുന്ന മഹാശക്തിയേതെന്നു തിരിച്ചറിഞ്ഞിരിക്കുന്നു. അമേരിക്കയിലെ അമ്മമാരും പെന്റഗണും തമ്മിലുള്ള പോരാട്ടം, കമ്പോഡിയയിൽ ഇപ്പോൾ തന്നെ വിയററ്നാം ഉണ്ടായിക്കഴിഞ്ഞു.

അമേരിക്കയിലെ അമ്മമാർ ഇനിയും കർമ്മരംഗത്തേക്കു വരാനിരിക്കുന്നതേയുള്ളു. പെന്റഗണിനുവിജയിക്കാനാവാത്ത ഒരു പോരാട്ടമാണിതെന്നു ഞാൻ വിശ്വസിക്കുന്നു. അമേരിക്കയിലെ അമ്മമാരിൽ ഞാനിപ്പോഴും ലോകത്തിനുള്ളയൽപ്പം പ്രത്യാശകാണുന്നു.

ആർണോൾഡ് ജെ. ടോയിൻ ബീ.

ക്കാതെമോചനമില്ല. അക്കാര്യത്തിലാണ് ആത്മാർത്ഥത കാണിക്കേണ്ടത്.

നേതാക്കളിൽ പലർക്കും ഈ കാര്യത്തിൽ ആത്മാർത്ഥതയുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പുരോഗമനപരമായ നിയമനിർമ്മാണങ്ങൾക്ക് തടസ്സം നിൽക്കുന്ന ഭരണഘടന തകർക്കുന്നേയെന്നലമുറയിട്ടും: അനുഭവം പോലും അവരെ ചിന്തിപ്പിക്കുന്നില്ല. വളരെ കൊട്ടിഘോഷിക്കപ്പെട്ട ബാങ്ക് ദേശസാൽക്കരണ നിയമം സുപ്രീം കോടതി റദ്ദാക്കിയപ്പോൾ നേതാക്കന്മാരുടെ പ്രതികരണമെന്തായിരുന്നുവെന്നു പരിശോധിച്ചാൽ ഇതു് വ്യക്തമാകും. സ്വകാര്യത്തിനുള്ള മൌലികാവകാശവും പ്രതിഫല പ്രശ്നവുമാണ് ബാങ്ക് ദേശസാൽക്കരണ നിയമത്തിനു തടസ്സം നിന്നതെന്നു ആർക്കും അറിയാവുന്ന കാര്യമാണ് പക്ഷെ ഈ ഭരണഘടനാവ്യവസ്ഥകൾക്കു മാററമുണ്ടാകണമെന്നു പറഞ്ഞവരോട്ട് പ്രധാനമന്ത്രിയുടെ മറുപടിയെന്തായിരുന്നു.? സ്വകാര്യസ്വത്തവകാശം ഭരണഘടനയിൽ നിന്നു മാററണമെന്നു കോൺഗ്രസ്സ് ഉദ്ദേശിച്ചിട്ടേയില്ലെന്നാണ് അവർ ഉറപ്പിച്ചു പറഞ്ഞതു്.

ഇതു് തന്നെയാണ് മററുകാര്യങ്ങളിലും നേതാക്കളുടെ നിലപാട്. അന്നന്നത്തെയധികാരം നിലനിർത്തുകയെന്നതിൽ കവിഞ്ഞു് ദൂരവ്യാപകമായ എന്തെങ്കിലും കാഴ്ചപ്പാട് ഈ നേതാക്കൾക്കുണ്ടോ? വർഗ്ഗീയതയുടെ പ്രശ്നംപോലും അധികാരമുറപ്പിക്കുന്നതിനുള്ള തന്ത്രമായിട്ടാണു പ്രധാനമന്ത്രിയുപയോഗിക്കുന്നതെന്നു ആക്ഷേപമുണ്ടു്

റബ്ബാത്ത് സമ്മേളനം മുതൽക്കിങ്ങോട്ടുള്ള നയം പരിശോധിച്ചാൽ മുസ്ലീം വർഗ്ഗീയതയെ പ്രീതിപ്പെടുത്താൻ പ്രധാന മന്ത്രി ശ്രമിക്കുന്നില്ലേയെന്നു സംശയമുണ്ടാകും. ഈയിടെ തീവണ്ടിയിലെ വർഗ്ഗീയ ലഹളകളെക്കുറിച്ചു് പാർളിമെൻറിൽ നടന്ന ചർച്ചാവേളയിലും പ്രധാനമന്ത്രി പ്രശ്നത്തിന്റെ അടിസ്ഥാന കാരണങ്ങളിലേക്കു കടക്കാതെ ന്യൂനപക്ഷത്തിന്റെ സംരക്ഷണത്തെപ്പററിയും മററും വാചാലമായി പ്രസംഗിക്കുകയാണ് ചെയ്തതു്.

മുസ്ലീമുകളുടെ വ്യക്തിനിയമം ഏകീകരിക്കുന്നതിനെ പാർലിമെൻറിനധികാരമില്ലെന്നു മുസ്ലീം ലീഗുകാരനായ പാർലിമെൻറംഗം പറഞ്ഞപ്പോൾ പോലും പ്രധാനമന്ത്രിയെപ്പോലുള്ള നേതാക്കൾ നിശ്ശബ്ദരായി ഇരുന്നതേയുള്ളു. മുസ്ലീം ലീഗിനെച്ചേർത്തു് സോസ്യലിസ്ററ് മുന്നണിയുണ്ടാക്കാൻ അനുയായികൾ തയാറാവുന്നതിൽ ആശ്ചര്യപ്പെടേണ്ടല്ലോ?

മതേതരത്വത്തിന്റെ കാര്യത്തിലും കോൺഗ്രസ്സ് നേതാക്കൾക്ക് ചിന്താക്കുഴപ്പമുണ്ടു്. മതത്തിൽനിന്നു അകന്നുനിൽക്കലാണ് മതേതരത്വത്തിന്റെയർത്ഥമെന്നു ചന്ദ്രശേഖർ നേതൃസമ്മേളനത്തിൽ പറഞ്ഞു. ഭരണാധികാരികൾ മതചടങ്ങിൽ പങ്കെടുക്കുന്നതു് ഒഴിവാക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മതേതരത്വത്തിന്റെ യഥാർത്ഥമായ അർത്ഥമെന്താണെന്നറിയാവുന്നവർക്കാർക്കും ചന്ദ്രശേഖറിനോട്ട് വിയോജിക്കാൻ സാദ്ധ്യമല്ല. പക്ഷെ കോൺഗ്രസ്സ് പ്രസിഡൻറ് ജഗജീവൻറാമിന്റെ ധാരണ മറെറാന്നാണ്. എല്ലാമതങ്ങളേയും തുല്യമായി ബഹുമാനിക്കലാണ് മതേതരത്വമെന്നാണ് അദ്ദേഹത്തിന്റെയഭിപ്രായം.

ഗാന്ധിയുടെകാലം തൊട്ടേ കേട്ട്പഠിച്ചതു് ജഗജീവൻറാമും പറഞ്ഞുവെന്നേയുള്ളു. മതത്തിന്റെ പേരിൽ തൊട്ടുകൂടായ്മക്കു ഇരയായി ആയുസ്സിന്റെ നല്ല പങ്കും കഴിച്ചുകൂട്ടിയ ആളാണ് ജഗജീവൻറാം. അദ്ദേഹത്തിന്റെയഭിപ്രായമാണിതു്. അടിസ്ഥാനപരമായ ഇത്തരം കാര്യങ്ങളിൽ പോലും ആധുനിക ചിന്തയില്ലാത്ത ഇത്തരക്കാർ എന്തു പരിവർത്തനമാണുണ്ടാക്കാൻ പോകുന്നതു്?

വിദേശനയത്തെപ്പോലെ അതിപ്രധാനമായ കാര്യത്തിലും വ്യക്തതയും പരസ്പരവിരുദ്ധ പ്രസ്താവനയും ധാരാളമുണ്ടാകുന്നുണ്ടു്. ഇന്ത്യയുടെ സ്വരം തീരെ അവഗണിക്കപ്പെടുന്നുവെന്ന നിലയുണ്ടായതു പോകട്ടെ—സ്വന്തം രാജ്യത്തിന്റെ താൽപര്യമെന്താണെന്നെങ്കിലും നേതാക്കൾക്കറിയുമോ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. രണ്ടുമാസം മുമ്പ് ചൈനയുമായി കൂടിയാലോചിച്ചു് സമാധാനപരമായി പ്രശ്നം പരിഹരിക്കാൻ തയാറാണെന്നു പ്രധാനമന്ത്രി പരസ്യമായിപ്പറഞ്ഞതാണ്. അതുകഴിഞ്ഞു് ചൈന ബഹിരാകാശത്തിൽ ഉപഗ്രഹം ചുററിച്ചപ്പോൾ രാജ്യരക്ഷാമന്ത്രിയുടെ പ്രഖ്യാപനം മറെറാന്നാണ്. ഇന്ത്യയുടെ പ്രഖ്യാപിത ശത്രുവാണ് ചൈനയെന്ന നിലയിൽ രാജ്യരക്ഷക്കു തയാറെടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞതു്. യാതൊരുദ്ദേശവുമില്ലാതെ ഭരണം നടത്തുന്നവർക്കല്ലാതെ ഇത്തരത്തിൽ പൂർവ്വാപരവിരുദ്ധമായി സംസാരിക്കാൻസാദ്ധ്യമല്ല.

എല്ലാ കൊള്ളരുതായ്മക്കും മൂടുപടമിടാൻ ''ജനാധിപത്യ''ത്തെക്കുറിച്ചും കോൺഗ്രസ്സ് നേതാക്കൾ പ്രസംഗിക്കുന്നതു കേൾക്കാം. എന്താണ് ഈ ജനാധിപത്യം? പ്രായപൂർത്തി വോട്ടവകാശമാണല്ലോ ജനാധിപത്യത്തിന്റെയടിസ്ഥാനം. ബ്രിട്ടീഷ് വാഴ്ചക്കാലത്തു് മസ്തിഷ്ക പ്രക്ഷാളനത്തിനു വിധേയരായ ഈ നേതാക്കൾ എണ്ണൂറു വർഷത്തെ ജനാധിപത്യ പാരമ്പര്യത്തെപ്പററിയും പ്രചരിപ്പിക്കും.

പ്രായപൂർത്തി വോട്ടവകാശം തന്നെ ബ്രിട്ടനിലും അമേരിക്കയിലും സോവിയററ് റഷ്യയിലെ വിപ്ലവത്തിനുശേഷം മാത്രമുണ്ടായതാണെന്നു ഈ ജനാധിപത്യ സോഷ്യലിസ്ററുകൾ ചിന്തിച്ചിട്ടുണ്ടോ? കോൺഗ്രസ്സിന്റെ അടിസ്ഥാന നേതൃത്വങ്ങളെന്നു പറയുന്ന ജനാധിപത്യം, സോഷ്യലിസം, മതേതരത്വം എന്നീ കാര്യങ്ങളിൽപ്പോലും ആശയവ്യക്തതയില്ലാത്തവരാണ് ഭരണാധികാരികളെന്നു കണ്ടുകഴിഞ്ഞു ഈ നേതൃത്വത്തിനു സ്ഥായിയായ പരിവർത്തനം എന്തെങ്കിലുമുണ്ടാക്കാൻ കഴിയുമെന്നു കരുതുന്നതു് മൂഢത്വമാണ്.

ഇവരുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് സംഘടനയെ ശക്തിപ്പെടുത്തുന്നതിനെപ്പററി നടന്ന ചർച്ചകളാണ് പരിഹാസ്യമായതു്. മന്ത്രിപ്രസ്ഥാനമുപേക്ഷിച്ചു് സംഘടനാപ്രസിഡൻറിവാൻപോലും തയാറാകാത്ത ജഗജീവൻ റാമിന്റെയദ്ധ്യക്ഷതയിലാണ് കോൺഗ്രസ്സിന്റെ പുനസ്സംഘടനയെപ്പററി ചർച്ച നടക്കുന്നതു് തന്നെ, കഴിവുകെട്ട നേതൃത്വത്തിന്റെ ഭരണത്തിൽ അടുത്ത ചില വർഷങ്ങളിൽ ഈ രാജ്യം കുഴപ്പങ്ങളിലേക്കു നീങ്ങുമെന്നു കരുതിയിരിക്കണം.

## വായനക്കാരോട്

കഴിഞ്ഞ രണ്ടാഴ്ചയായി 'നിർണ്ണയം' വാരിക പുറത്തിറങ്ങിയത് നിശ്ചിത ദിവസത്തിലും വളരെ വൈകിയാണ്. അച്ചടിക്കടലാസുകിട്ടാനുള്ളവിഷമതയുൾപ്പെടെ ചില സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് വാരിക പുറത്തിറങ്ങാൻ വൈകിയത്. 17–ാംലക്കം മെയ് 31–ാംനു- യാണ് പ്രസിദ്ധീകരിക്കുന്നതു്. കൃത്യസമയത്തിനു തന്നെ വായനക്കാരുടേയും ഏജൻറുമാരുടേയും കയ്യിൽ വാരിക എത്തിക്കുന്നതിനുവേണ്ട എല്ലാ ശ്രമങ്ങളും ചെയ്യുന്നുണ്ട്,

മാനേജർ.

**കാഴ്ചപ്പാടുകൾ**

# നക്സൽബാരികൾ, മുള്ളും, പൂക്കളും

**രാജൻ**

ആയിരം മുദ്രാവാക്യങ്ങളെക്കാൾ മുഴക്കമുള്ളതാണ് ഒരു ബോംബിന്റെ പൊട്ടിത്തെറി. നക്സൽബാരികളുടെ പ്രവർത്തനം അതൊന്നു കൂടിതെളിയിച്ചിട്ടുണ്ട്. പാർലിമെന്റിലും പുറത്തും പത്രപംക്തികളിലും നക്സൽബാരികൾ ഇന്നു സജീവ ചർച്ചാവിഷയമാണ്. ആദ്യത്തെ ഐക്യമുന്നണി ഭരണകാലത്താണ് ബംഗാളിലെ നക്സൽബാരി പ്രസിദ്ധിനേടിയത്. മൂന്നു വർഷംമുമ്പ് അമ്പുംവില്ലുമെടുത്ത് നക്സൽബാരിയിലെ ഗിരിവർഗ്ഗക്കാർ പോലീസിനെ നേരിട്ടപ്പോൾ വലിയ വാർത്തയായിരുന്നു. ഇന്നു നിത്യേനയെന്നോണം കൽക്കത്തയിൽ തന്നെ 'നക്സൽബാരി'കളുടെ പ്രവർത്തനം നടക്കുന്നുണ്ട്. പക്ഷെ അവരിപ്പോൾ കമ്യൂണിസ്റ്റ് പാർട്ടി മാർക്സിസ്റ്റം-ലെനിനിസ്റ്റ് എന്നാണറിയപ്പെടുന്നത്. അവരുടെ ആയുധം ബോംബുകളാണ്.

ഏപ്രിൽ 22-പുതിയ പാർട്ടിയുടെ വാർഷികം ആഘോഷിച്ചതോടെ നക്സൽബാരികൾ ഗണ്യമായ ശക്തിയാണെന്നു സംശയാതീതമായി തെളിഞ്ഞു. കൽക്കത്തയിൽ അവർ നടത്തിയ പ്രകടനത്തിൽ പതിനയ്യായിരത്തിലധികം ആളുകൾ പങ്കെടുത്തുവെന്നാണ് റിപ്പോർട്ട്. കൽക്കത്തയിലെ മുട്ടുക്കുകളിലൂടെ ഈരണ്ട് പേർ വീതം വന്നു പെട്ടെന്നു പ്രകടനജാഥയായി രൂപാന്തരപ്പെടുകയാണുണ്ടായതത്രെ. പ്രകടനത്തിൽ പങ്കെടുത്തവർ ഭൂരിപക്ഷവും മുപ്പതുവയസ്സിനു താഴെ പ്രായമുള്ളവരായിരുന്നു. പെൺകുട്ടികളും പ്രകടനത്തിൽ പങ്കെടുത്തുവെന്നു റിപ്പോർട്ടുണ്ട്.

ബംഗാളിലെ യുവാക്കളേയും വിദ്യാർത്ഥികളേയും പുതിയ വിപ്ലവപാർട്ടിയാകർഷിച്ചിട്ടുണ്ടെന്നതിൽതർക്കമില്ല. കൽക്കത്തയിലെ കോളേജുകളിലും ബംഗാളിന്റെ അതിർത്തിയിലുള്ള ഗ്രാമങ്ങളിലും അവർക്കു സ്വാധീനമുണ്ട്. പശ്ചിമ ബംഗാളിൽ ഡാർജിലിങ്ങ് ജില്ലയോട് തൊട്ടു കിടക്കുന്ന ജാൽവേഗുരി ജില്ലയിലും 24 പർഗാനാസ് ജില്ലയിലും മിസ് നാഗപ്പൂർ ജില്ലയിലും നക്സൽബാരികൾ ചൂഷകരായ ഭൂഉടമകളുടേയും ജോട്ടേദാർമാരുടേയും തലകൊയ്തിട്ടുണ്ട്. ആസ്സാമിൽ ഗോപാൽ പാരജില്ലയിലും തൃപുരയിൽ ഉദയ്പൂർ സബ്ബ് ഡിവിഷനിൽപ്പെട്ട മഹാറാണി പ്രദേശത്തും ബീഹാറിൽ മോംഗീർ ജില്ലയിലും മാർക്സിസ്റ്റ് ലെനിനിസ്റ്റ്പാർട്ടിയുടെ ഗൊറില്ലകൾക്കു സ്വാധീനമുണ്ട്. ആന്ധ്രയിലെ ശ്രീ കാകുളത്തും ചൂഷകരായ ഭൂവുടമകൾക്കെതിരെ ഗിരിവർഗക്കാരും മററും ബലപ്രയോഗം നടത്തുന്നുണ്ട്.

ഗ്രാമങ്ങളിലെ ഈ സമരത്തെക്കാൾ കൂടുതൽ പത്രങ്ങളിലെ തലക്കെട്ടുകൾക്കിടയാക്കുന്നത് കൽക്കത്തയിലെ വിദ്യാർത്ഥികളുടെ ബോംബേറുകളാണ്. കോളേജിലെ ലൈബ്രറികളിലെ ഗാന്ധിസാഹിത്യത്തിനെതിരായും അമേരിക്കൻ ഗ്രന്ഥങ്ങൾക്കെതിരായും മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിയനുഭാവികളായ വിദ്യാർത്ഥികൾ നടത്തുന്ന നിരന്തരസമരം കൂടുതൽ ശ്രദ്ധയാകർഷിക്കുന്നു. സമരത്ഥരായ വിദ്യാർത്ഥികളും പണ്ഡിതന്മാരായ പ്രൊഫസർമാരും നക്സൽബാരിപ്രസ്ഥാനത്തിൽ ആകൃഷ്ടരായിട്ടുണ്ടെന്നു നിഷ്പ്പക്ഷമതികൾ സമ്മതിക്കും. ജാദവ്പൂർ സർവ്വകലാശാലക്കു സമീപം മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിക്കാരും മാർക്സിസ്റ്റ് പാർട്ടിക്കാരും തമ്മിലും സംഘടനങ്ങൾ നടന്നു. ത്വരിതഗതിയിൽ എവിടെനിന്നെന്നറിയാത്ത വിധം വന്നെത്തി, ആസിഡ് ബൾബുകളും മററുമുപയോഗിച്ച് ആക്രമണം നടത്താനും ഓടിമറയാനുമുള്ള മിടുക്ക് വാസ്തനത്തിൽ-'നഗരഗൊറില്ലകൾ' എന്ന നിലയിലേക്കു ഈ യുവാക്കളെ ഉയർത്തിയിട്ടുണ്ട്.

അങ്ങിനെ രാജ്യത്ത് പരിവർത്തനമാഗ്രഹിക്കുന്നയാളുകളുടെയെല്ലാം സജീവതാല്പര്യത്തിനു പാത്രമായിരിക്കുകയാണ് നക്സൽബാരികൾ ഇടത്തു നിന്നും വലത്ത് നിന്നും, നടുക്കുനിന്നും അവർവിമർശിക്കപ്പെടുന്നുണ്ട്. ഒററപ്പെട്ട കൊലപാതകങ്ങൾ നടത്തുന്ന അതിസാഹസികരെന്നും വഴിതെററിയ വിപ്ളവകാരികളെന്നും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയടക്കമുള്ളവർ അവരെ അധിക്ഷേപിക്കുന്നു. നക്സലൈററുകളെ നിരോധിച്ചു കൊന്നൊടുക്കാത്തതിലാണ് വലതുപക്ഷത്തുള്ളവർക്കു ആക്ഷേപം. നിയമസമാധാന പ്രശ്നമെന്ന നിലക്കല്ലാ രാഷ്ട്രീയ പ്രശ്നമെന്ന നിലക്കാണ് നക്സൽബാരികളെ നേരിടേണ്ടതെന്നും അഭിപ്രായമുള്ളവരുണ്ട്. അതായത് നക്സൽബാരികൾ ആഗ്രഹിക്കുന്ന സാമൂഹ്യപരിവർത്തനം മററുതരത്തിൽ കൈവരുത്തികൊണ്ട് അക്രമം തടയണമെന്ന് ഇവർ ആവശ്യപ്പെടുന്നു. ഏതുതരത്തിലുള്ള വിമർശനമായാലും ശരി നക്സൽബാരികൾ സി. ഐ. ഏ. ഏജൻറുമാരാണെന്നും മററുമുള്ളയാരോപണം ഇന്നു അവസാനിച്ചിട്ടുണ്ട്. അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെയും വിപ്ളവമാഗ്രഹിക്കുന്നവരുടെയും ചിന്തയെ ഒരേപോലെ പിടിച്ചുകുലുക്കിയെന്നതിൽ നക്സൽബാരികളെ അനുയോജിക്കാതിരിക്കാനും അഭിനന്ദിക്കാതിരിക്കാനും സാദ്ധ്യമല്ല.

അൽപ്പമായ സ്ഥാനമാനങ്ങൾക്കു വേണ്ടി ലക്ഷ്യം ബലികഴിക്കാൻ സന്നദ്ധരാവുന്ന ധാരാളം നേതാക്കളുള്ള നമ്മുടെ രാജ്യത്ത് സർവ്വവുംത്യജിച്ച് ജീവൻ അപകടപ്പെടുത്തുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ ഒരു കൂട്ടം യുവാക്കൾ മുന്നോട്ടുവരുന്നുവെന്നത്തന്നെ സന്തോഷാവഹമായ കാര്യമാണ്. തലവരികൊടുത്തും കോഴകൊടുത്തും ഡോക്ടർമാരായി സ്ത്രീധനത്തുക വാങ്ങിക്കാൻ തയാറെടുക്കുന്ന യുവാക്കൾ നിരവധിയുള്ളപ്പോൾ തനിക്കു ചുററുമുള്ളവരേയും തന്റെ നാടിനെയും ഓർത്ത് സമരസന്നദ്ധനാവുന്ന യുവാക്കൾ എണ്ണത്തിൽ കുറവാണെങ്കിൽപോലും അഭിമാനമുളവാക്കുന്നുണ്ട്. ചരിത്രാതീത കാലംതൊട്ട്, ജാതിയും ഉപജാതിയുമായിത്തിരിഞ്ഞ് ചൂഷണവും അതിന്മേലുള്ള ചൂഷണവുമായി ചലനമററു കിടക്കുന്ന ഈ രാജ്യത്തിലെ സമൂന്നെയൊന്നു പിടിച്ചു കുലുക്കാൻ പോന്ന ഏതു പ്രസ്ഥാനത്തേയും രാജ്യസ്നേഹികൾ സർവ്വാത്മനാ സ്വാഗതം ചെയ്യാതിരിക്കുകയില്ല. എം. എൽ. എ. പദവും മന്ത്രിപദവും രാജ്യത്തിന്റെ മോചനമാർഗ്ഗമായി ചിത്രീകരിക്കുന്നവരുടെ നടുവിൽ നക്സൽബാരികളുടെ ആത്മാർത്ഥതയും ധീരതയും ശ്ലാഘനീയമത്രെ.

## സംശയങ്ങൾ

എന്നാൽ, നക്സൽബാരികൾ എന്നു വിളിക്കപ്പെടുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കമ്യൂണിസ്റ്റ്പാർട്ടിക്കാരുടെ നയപരിപാടികളെക്കുറിച്ച് ചില സംശയങ്ങൾ

സ്വാഭാവികമായും പൊന്തിവരുന്നു. ഈ പാർട്ടിയുടെ താത്വികാചാര്യനായ ചാരുമജുംദാറിന്റെ ലേഖനം തന്നെ ആദ്യത്തെ സംശയമുണ്ടാക്കുന്നു. "ചൈനയുടെ ചെയർമാൻ നമ്മുടെ ചെയർമാനാണ്. ചൈനയുടെ പാത നമ്മുടെ പാതയാണ്" എന്ന തലക്കെട്ടിൽ ലിബറേഷൻ എന്ന പ്രസിദ്ധീകരണത്തിൽ ചാരുമജുംദാറിന്റെ ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു. "മജുംദാർ എഴുതുന്നു." നമ്മൾ ജീവിക്കുന്നതു് മാവോസേതുങ്ങിന്റെ യുഗത്തിലാണ്. ഇന്നു ലോക വിപ്ലവത്തെ അതിന്റെ പരിപൂർണ്ണവിജയത്തിലെത്തിക്കുകയെന്ന അതിമഹത്തായ കടമയിലേക്ക് സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തെ നയിച്ചുകൊണ്ടിരിക്കുന്നതു് മഹാനായ നേതാവ് ചെയർമാൻ മാവോയും അദ്ദേഹത്തിന്റെ സമര സഖാവായ ലിൻപിമാവോ നയിക്കുന്ന ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയാണ്. "അദ്ദേഹത്തിന്റെ ലേഖനം സമാപിക്കുന്നതിങ്ങനെയാണ്. 'വിജയം തീർച്ചയായും നമ്മുടെതാണ്. കാരണം ചൈനയുടെ ചെയർമാൻ നമ്മുടെ ചെയർമാനാണ്. ചൈനയുടെ പാത നമ്മുടെ പാതയാണ്.

ചൈനയുടെ ചെയർമാൻ നമ്മുടെ ചെയർമാനായതുകൊണ്ടാണ് വിജയം തീർച്ചയാകുന്നതെന്നും മററും എഴുതിപ്പിടിപ്പിച്ചാൽ മജുംദാറിന്റെ പാർട്ടിയുടെ വിപ്ലവശേഷിയെക്കുറിച്ച് ആർക്കും ആശങ്കയുണ്ടാകാതിരിക്കയില്ല. ലോകത്തിലെവിടെയെങ്കിലും ഇത്തരത്തിൽ അന്യരാജ്യങ്ങളിലെ പാർട്ടി നേതാക്കളെ സ്വന്തം നേതാവായി അംഗീകരിച്ചുകൊണ്ടു് വിപ്ലവം നടത്തി വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കമ്യൂണിസ്ററ് രാജ്യങ്ങളിൽ നിന്നു ആയുധ സഹായങ്ങളും മററു തരത്തിലുള്ള സഹായങ്ങളും വിപ്ലകാരികൾ സ്വീകരിക്കുന്നതു് മനസ്സിലാക്കാം. പക്ഷെ സ്വന്തം നാട്ടിലെ സാഹചര്യങ്ങളെ വിലയിരുത്താനും അതിനനുസൃതമായി വിപ്ലവമാർഗ്ഗം തെരഞ്ഞെടുക്കാനും കഴിയാത്തവർ എങ്ങിനെയാണ് വിപ്ലത്തെ നയിക്കുക? ചുരുങ്ങിയതു് ഇന്ത്യയിലെ സാഹചര്യങ്ങളെക്കുറിച്ചെങ്കിലും വിലയിരുത്താൻ മാവോസെതുങ്ങിനേയും ലിൻപിയാവോവിനേയുംകാൾ കഴിവു് തനിക്കുണ്ടെന്ന ബോദ്ധ്യം ചാരുമജുംദാറിനു് ഉണ്ടാകേണ്ടതാണ്. മാവോസെതുങ്ങ് എത്ര തന്നെ ഉന്നതനായാലും ശരി ഇന്ത്യയിലെ സാഹചര്യങ്ങളെക്കുറിച്ച് മാവോവിനെക്കാൾ നന്നായിയറിയാത്ത ഒരു നേതാവിനെയനുസരിക്കാൻ ഇന്ത്യയിലെ വിപ്ളവകാരികൾക്ക് ആശങ്കയുണ്ടാകും.

ഈ കാലഘട്ടത്തിൽ ലോകവിപ്ളവകാരികൾ നടത്തുന്ന ഏററവും മുഖ്യമായ സമരം വിയററ്നാമിലും ഇന്തോ-ചീനയിലുമാണെന്നു ചാരുമജുംദാരും അംഗീകരിക്കാതിരിക്കുകയില്ല, വിയററ്നാമിലെ ഒളിപോരാളികളെ നയിക്കുന്ന ജനറൽ ഗ്യാപ്പ് ലോകത്തിലെ ഏററവും വലിയ പ്രമുഖസമരസേനാനിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. വിയററ്നാം യുദ്ധത്തെയും ഒളിപ്പോരാളികളുടെ ധീരകൃത്യത്തേയും കുറിച്ച് പുളകംകൊള്ളിക്കുന്ന നിരവധി വാർത്തകൾ നാം നിത്യേന കേൾക്കുന്നുണ്ട്. ചൈനയിൽ നിന്നും റഷ്യയിൽ നിന്നും ആയുധങ്ങൾ സ്വീകരിച്ചുകൊണ്ട് ലോകത്തിലേററവും വലിയ സാമ്രാജ്യത്വ ശക്തിക്കെതിരെ ഉറച്ചു നിന്നു പോരാടുന്ന വിയററ്നാം ജനത ചൈനയുടെ ചെയർമാൻ അവരുടെ ചെയർമാനാണെന്നു അംഗീകരിക്കുന്നില്ല. ഹോച്ചിമിന്റെ രാഷ്ട്രീയ നേതൃത്വത്തെയാണ് അവർ ആദരിച്ചിരുന്നത്. ജനറൽ ഗ്യാഷിന്റെ സൈനിക നേതൃത്വത്തെയാണ് അവർ അനുസരിക്കുന്നത്. മാവോചിന്തകൾ ഉരുവിടുന്നതുകൊണ്ടാണ് തങ്ങൾക്ക് വിജയം കൈവരുന്നതെന്നു് വിയററ്നാമിലെ ഒളിപോരാളികൾ പറയുകയില്ല. ഇതുതന്നെയാണ് ക്യൂബയിലേയും ലാററിൻ അമേരിക്കയിലെ മററു രാജ്യങ്ങളിലേയും സ്ഥിതി. പിന്നെ എന്തിനാണ് ചാരുമജുംദാറും മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിയും അന്ധമായ മാവോപൂജ നടത്തി പരിഹാസ്യരാകുന്നതു്.

ഇന്ത്യയിലെ വിപ്ളവകാരികളേയും കർഷകതൊഴിലാളികളേയും ഒന്നിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനു മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിയുടെ അന്ധമായ മാവോപൂജ തടസ്സം നിൽക്കുകയേയുള്ളുവെന്നു കാണാൻ വിഷമമൊന്നുമില്ല. അതിവിപുലമായ ചൈനീസ് ജനതയെ ഒന്നിച്ചുനിർത്താൻ മാവോവിന്റെ പേർ ചൈനയിൽ ഉപകരിക്കുന്നുണ്ടായിരിക്കാം. എന്നാൽ മാവോവിന്റെ നാമധേയമാണ് ലോകത്തിലെ മർദ്ദിത ജനതയെ സാമ്രാജ്യത്വത്തിന്നെതിരായി ഒന്നിപ്പിച്ചു നിർത്തുന്നതെന്നു പറയുന്നത് ചരിത്രവസ്തുതകൾക്ക് നിരക്കുന്നതായിരിക്കയില്ല. ഇന്ത്യയിലെ കമ്മ്യൂണിസ്ററ പ്രസ്ഥാനത്തിനു മുമ്പ് പററിയ തെററു മാർക്സിസ്റ്റ്-ലെനിനിസ്ററ് പാർട്ടി ആവർത്തിക്കുകയാണെന്നു പറയേണ്ടിയിരിക്കുന്നു. സാർവ്വദേശീയ കമ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ പേരിൽ മുമ്പ് റഷ്യയിലെ നേതാക്കന്മാർക്കു വിധേയമായിമാത്രം ഉദ്ദേശരഹിതമായി ഇന്ത്യയിലെ കമ്യൂണിസ്ററ്പാർട്ടി നയ പരിപാടികൾ ആവിഷ്കരിക്കുകയും, ദേശീയ പ്രസ്ഥാനത്തെ മുതലെടുത്തുകൊണ്ട് പരിവർത്തനശക്തികളെ ഒന്നിപ്പിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. ഇതേഗതിതന്നെ മാർക്സിസ്ററ് ലെനിനിസ്ററ് വിപ്ളവ പ്രസ്ഥാനത്തിനും വന്നുചേരുകയില്ലെന്നു ആശങ്കയുണ്ടാകുന്നുണ്ട്.

ചൈനയിൽ നിന്നു ആയുധ സഹായം ലഭിക്കണമെങ്കിൽ ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയുടെ നേതൃത്വം നിരുപാധികമായി അംഗീകരിക്കുകയും മാവോസേതുങ്ങിനെ നേതാവായി സ്വീകരിക്കുകയും വേണമെന്ന വാദം ഉന്നയിക്കപ്പെടാവുന്നതാണ്.

ഈ വാദം ശരിയാണെങ്കിൽ ചൈനയും സോഷ്യൽ ഇമ്പിരീയലിസം നടപ്പാക്കുന്നുവെന്നു പറയേണ്ടിവരും,

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിക്കു ജനവിശ്വാസമാർജ്ജിക്കാൻ തക്കകഴിവും കരുത്തുമുള്ള ഊർജ്ജസ്വലനായ ഒരുനേതാവിനെ കണ്ടെത്താൻ ഇന്നേവരെ സാധിച്ചിട്ടില്ലെന്നതും അവരുടെ ദൌർബ്ബല്യമാണ്. വിപ്ളവം നയിക്കേണ്ടുന്ന നേതാവിനുപകാരമായി എത്രയേറെ മാവോസ്തുതി നടത്തിയതുകൊണ്ടും ഫലമില്ല. ഇന്നു ഈ പാർട്ടിയെ നയിക്കുന്നുവെന്നു പറയുന്ന ചാരുമജുംദാർ ദീർഘകാലം മാർക്സിസ്റ്റ് പാർട്ടിയിലും കമ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ചയാളാണ്. അന്നൊന്നും തന്നെ അദ്ദേഹത്തിനു സായുധ വിപ്ളവം ആരംഭിക്കണമെന്നു ഉറച്ചയഭിപ്രായമുള്ളതായി കേട്ടിട്ടില്ല. മാവോചിന്തകളോ, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തങ്ങളോ പെട്ടെന്നു ഒരു ദിവസം ആവിർഭവിച്ചതൊന്നുമല്ല. അത് 1967 ൽ നക്സൽബാരിപ്രസ്ഥാനം നിലവിൽവരുന്നതിനു എത്രയോ മുമ്പേ അറിയപ്പെതാണ്. പെട്ടെന്നു ഒരു ദിവസം ചാരുമജുംദാറിനു വിപ്ള

(ശേഷം 13-ാം പേജിൽ)

വർദ്ധിച്ചുവരുന്ന നക്സലൈററ് ഭീഷണിയെക്കുറിച്ച് കേന്ദ്രാധികാരികളും സംസ്ഥാന ഗവർമ്മെണ്ടും ഗൌരവബോധം കാണിക്കാത്തതിൽ 'മലയാള മനോരമ' പരാതിപ്പെടുന്നു. "രാഷ്ട്രീയവും അക്രമവും കൂട്ടിക്കുഴച്ച് അക്രമത്തിൽ നിന്നു ജനങ്ങൾക്കു രക്ഷനൽകാനുള്ള ഗവർമ്മെണ്ടിൻെറ പ്രാഥമിക കർത്തവ്യം വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ അല്ല വേണ്ടത്. നിയമസമാധാനം ആഗ്രഹിക്കുന്ന ജനങ്ങളും അതു സംരക്ഷിക്കാൻ സാദ്ധ്യതയുള്ള ഗവർമ്മെണ്ടും ആ കർത്തവ്യ നിർവ്വഹണത്തിൽ ജാഗ്രൂകമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നക്സൽബാരി വിപ്ലവത്തെ പ്രഥമമായും ഒരു നിയമ സമാധാനപ്രശ്നമായി നേരിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു" 'മലയാള മനോരമ മെ 14 വാഴാഴ്ച)

ബംഗാളിലും പ്രത്യേകിച്ചു കൽക്കത്തയിലും നക്സൽബാരി വിപ്ലവകാരികളുടെ പ്രവർത്തനത്തിനു ശക്തി കൂടുംതോറും ഇത്തരം മുഖപ്രസംഗങ്ങൾ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. നക്സൽബാരികളുടെ അക്രമത്തിൻെറ പേരിൽ എല്ലാ ഇടതു പക്ഷക്കാരേയും മർദ്ദിച്ചൊതുക്കാനുള്ള തയാറെടുപ്പാണോ ഇതെന്നു സംശയിക്കേണ്ടിരിക്കുന്നു. നിയമസമാധാന പ്രശ്നം സംസ്ഥാന വിഷയമാണെന്നു കരുതി അനങ്ങാതിരിക്കരുതെന്നാണ് ഈ പത്രങ്ങൾ കേന്ദ്രഗവർമ്മെണ്ടിനു നൽകുന്നയുപദേശം. "വർഗീയലഹളകളും കൂട്ടക്കൊലയും ചില സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ടപ്പോൾ കേന്ദ്രഗവർമ്മെണ്ടിനു അക്കാര്യത്തിൽ അനാസ്ഥമായിരിക്കാൻ സാദ്ധ്യമായില്ലെ,,ന്നു 'മനോരമ, അനുസ്മരിപ്പിക്കുന്നു. അതേപോലെതന്നെ നക്സൽബാരികളുടെ കാര്യത്തിലും കേന്ദ്രഗവർമ്മെണ്ട് പട്ടാളത്തെ അയക്കണമെന്നു ചുരുക്കം.

പക്ഷെ വർഗീയ ലഹളകൾ അടിച്ചമർത്താൻ പട്ടാളത്തെ അയക്കുന്നത് സംസ്ഥാന ഗവർമ്മെണ്ടിൻെറ ആവശ്യമനുസരിച്ചാണെന്നു 'മനോരമ, പറയുന്നില്ല. നക്സൽബാരികളെ അടിച്ചമർത്താൻ ബംഗാൾ ഗവർമ്മെണ്ട് ആരുടെയും സഹായം ആവശ്യപ്പെട്ടില്ലെങ്കിലും ശരി കേന്ദ്ര ഗവർമ്മെണ്ട് പട്ടാളത്തെ വിട്ട് നക്സൽബാരികളെ വകവരുത്തണമെന്നാണ് ,മനോരമ,യുടെ ആവശ്യം. മുമ്പ് തൃശ്ശിലേരിവനത്തിൽ വർഗീസിനെ മർദ്ദിച്ചു കൊല്ലാൻ പോലീസിനു കൂട്ടുനിന്ന 'മനോരമ, അതേപോലെ തന്നെ പട്ടാളത്തിനും മുൻകൂറായി കൂട്ടുനിൽക്കുകയാണ്. ഇതിലേറെ വിചിത്രമായ വാദഗതിയും 'മനോരമ, ഉന്നയിക്കുന്നുണ്ട്.

"ഒരു ചെറിയ സംഘം അക്രമികളായിരിക്കും ജനങ്ങളുടെ ഇടയിൽ ഭീതിയും പരിഭ്രമവും വളർത്തുന്നതിനു വേണ്ടി കൊള്ളയോ കൊലപാതകമോ നടത്തുന്നതിൽ ഏർപ്പെടുന്നത്. അവരെ ചെറുക്കാൻ ഓരോ സ്ഥലത്തും സമാധാനകാംക്ഷികളായ ജനങ്ങൾ സംഘടിച്ചാൽ നിഷ്പ്രയാസം സാധിക്കും. പക്ഷെ, ആ ഉദ്യമത്തിൽ അക്രമിസംഘത്തിൽപ്പെട്ട വല്ലവരും ഓടിരക്ഷപ്പെടാൻ സാധിക്കാത്ത അപായകരമായ പരുക്കേററു നിലംപതിക്കുകയോ അല്ലെങ്കിൽ മരിക്കുകയോ ചെയ്യുന്നുവരും. സ്വരക്ഷക്കുവേണ്ടി സംഘടിച്ച സമാധാന കാംക്ഷികളായ ജനങ്ങളുടെ നേരെ ക്രിമിനൽ കുററങ്ങൾ ചുമത്താതെ അപ്പോൾ ഗവർമ്മെണ്ട് വെറുതെ വിട്ടേക്കുമോ? കൊള്ളസംഘത്തെ ചെറുക്കാനുള്ള നല്ല ഉദ്ദേശത്തോടുകൂടിയാണെങ്കിലും കൊല്ലപ്പെടുന്നത് അക്രമികളാണെന്നു വന്നാൽ ക്രിമിനൽ നിയമം ജനങ്ങളുടെ നേരെയും പ്രയോഗിക്കേണ്ടിവരുന്നു. സമാധാനകാംക്ഷികളായ ജനങ്ങൾ വേഗം പോലീസ് കസ്റ്റഡിയിലാകുകയും അക്രമത്തിനു ശിക്ഷിക്കപ്പെടുകയും ചെയ്യും,,

ചുരുക്കത്തിൽ നക്സൽബാരികളായി, നക്സൽബാരികളെന്നു മനോരമക്കും കൂട്ടുകാർക്കും തോന്നുന്നവരേയോ, സ്വന്തം ഗുണ്ടകളെക്കൊണ്ട് മർദ്ദിച്ചു കൊല്ലാൻ സ്വാതന്ത്ര്യം വേണമെന്നാണ് 'മനോരമ' ആവശ്യപ്പെടുന്നതു്. പത്രക്കാരുടെ ഭാഷയിൽ പറഞ്ഞാൽ നിയമം കയ്യിലെടുക്കാൻ അനുവദിക്കണമെന്നർത്ഥം. ഇതൊക്കെ സ്വന്തം സ്ഥാപിതതാൽപര്യങ്ങൾക്കെതിരായി ഭീഷണിയുണ്ടാകുമ്പോഴത്തെ വെപ്രാളമാണ്. ജനങ്ങളുടെ കാര്യം ജനങ്ങൾ നോക്കികൊള്ളും. മദ്ധ്യപ്രദേശിലും രാജസ്ഥാനിലും മററും കൊള്ളക്കാർ നടത്തുന്ന അക്രമങ്ങൾക്കെതിരായി പോലും 'മനോരമ'യെപ്പോലുള്ളവർ ഇങ്ങനെ ആവശ്യപ്പെട്ടിട്ടില്ല. നക്സൽബാരികൾക്കെതിരായി കൊലപാതകം നടത്താൻ അനുവദിക്കണമെന്നു ആവശ്യപ്പെടുന്നതുതന്നെ അവരുടെ പ്രസ്ഥാനത്തിനൊരു ബഹുമതിയായി കരുതുന്നു.

തൊട്ടുമുമ്പുള്ള ഖണ്ഡികയിൽ 'മനോരമ' തന്നെ പറയുന്നു കയ്യേററവും കല്ലേറും തീവെപ്പും ഭവനഭേദനവും കൊലയും കൊള്ളിവെപ്പും നടത്തിയാലും അതു തനി അക്രമവും ക്രിമിനൽ ശിക്ഷാനടപടികൾക്ക് അർഹവുമായ കുററവും തന്നെയാണ്. അങ്ങനെയാണെങ്കിൽ ക്രിമിനൽശിക്ഷാനടപടിയനുസരിച്ച് നക്സൽബാരികളെയും ശിക്ഷിച്ചാൽപോരെ? എന്തിനാണ് അവരെ കണ്ടമാനം കൊല്ലാൻ അവകാശം വേണമെന്നു 'മനോരമ' ആവശ്യപ്പെടുന്നതു്?

ഇങ്ങനെ എല്ലാ കൊലപാതകവും കൊലപാതകം തന്നെയാണെന്നു പറയുന്ന 'മനോരമ'യെപ്പോലുള്ളവർ മുമ്പ് ബ്രിട്ടീഷുകാരക്കെതിരായി ഗാന്ധിജി നിയമലംഘനം നടത്തിയപ്പോൾ അതും തെററാണെന്നു പറഞ്ഞുകാണും. സ്വന്തം താൽപര്യത്തിനെതിരായി വരുന്നതെന്തും ഇവർക്കു കുററകരമാണ്. വർഷക്കണക്കിനു പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്തും പണമുണ്ടാക്കുകയും അതിനു ആദായനികുതി കൊടുക്കാതിരിക്കുകയും ചെയ്താലും ദയാദാക്ഷിണ്യത്തിനുവേണ്ടി ഇവർ വാദിക്കുകയും ചെയ്യും. ആദായനികുതിയിൽ ഇളവു കൊടുക്കണമെന്നാവശ്യപ്പെടും. അതൊക്കെ കണ്ണടക്കേണ്ട കുററങ്ങളാണ്. കള്ളക്കണക്കെഴുതുകയും തൊഴിൽനിയമം ലംഘിക്കുകയും ആദായനികുതി കൊടുക്കാതിരിക്കുകയും ചെയ്യുന്ന സാമൂഹ്യദ്രോഹികളെ ശിക്ഷിക്കാതെ വിടുകയും അവർ പാവപ്പെട്ടവരെ മർദ്ദിക്കുകയും ചെയ്യുമ്പോൾ നിയമവും പോലീസും കണ്ണടക്കുകയാണ്. അത്തരക്കാരെ ശിക്ഷിക്കാൻ നക്സൽബാരികൾ വന്നാൽ അവരെ തടുക്കാൻ 'മനോരമ'ക്കു ആളുകിട്ടിയെന്നുവരില്ല.

* * *

കമ്പോഡിയയിൽ അമേരിക്കൻ സൈന്യത്തെ അയച്ചതിൽ പ്രതിഷേധിച്ച് പ്രസിഡണ്ട് നിക്സനെതിരായി വിദ്യാർത്ഥികളും മററും അമേരിക്കയിൽ ശക്തിയായ പ്രതിഷേധപ്രകടനങ്ങൾ നടത്തുന്നുണ്ടെങ്കിലും നിക്സണിനു ഇന്ത്യയിൽ വിശ്വസ്തരായ കൂട്ടുകാരുണ്ട്. 'ധീരനായ പ്രസിഡണ്ട് നിക്സനോട് ഞാൻ നന്ദി പറയുന്നു'' സ്വതന്ത്രാപാർട്ടിയുടെ സ്ഥാപകനേതാവ് രാജഗോപാലാചാരി സ്വരാജ്യയിൽ എഴുതിയിരിക്കുന്നു. ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും ഭരണഘടനക്കുംവേണ്ടി നിൽക്കുന്നവരുടെ

പേരിലാണ് രാജാജി നിക്സനെ നന്ദി പറയുന്നതു്.

രാജാജിഎഴുതുന്നു. അമേരിക്കയുടെ യഥാർത്ഥ സ്പിരിററിനെയാണ് പ്രസിഡണ്ട് നിക്സൺ പ്രതിനിധീകരിക്കുന്നതു്. ഏഷ്യൻ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്തുന്നതിനുള്ള ചുമതലയിൽനിന്നു അമേരിക്കയെ പിടിച്ചുമാററുന്നതിന്നാഗ്രഹിക്കുന്നവർ അമേരിക്കയുടെ യഥാർത്ഥസ്പിരിററിനെ പ്രതിനിധീകരിക്കുന്നവരല്ല. വിജയത്തെപ്പോലെ മറെറാന്നും വിജയിക്കുന്നില്ല. അമേരിക്കൻ പട്ടാളക്കാർ കമ്പോഡിയയെ കമ്യൂണിസ്റ്റുകാർ കീഴടക്കുന്നതിൽ നിന്നു മോചിപ്പിച്ചാൽ സമാധാനവാദികൾ നിക്സനെ വാഴ്ത്തും. അമേരിക്കയുടെ പ്രസിഡണ്ടിനും അന്യരാജ്യങ്ങളിൽ നടത്തുന്ന കയ്യേററത്തിനും ഇത്രക്കു നിർലോഭമായ പിന്തുണ മറെറാരാളിൽനിന്നും ഉണ്ടായിട്ടില്ല. വിയററ്നാമിൽനിന്നു അമേരിക്ക ഒഴിഞ്ഞുപോകരുതെന്നു പരസ്യമായി രാജാജി മുമ്പു് എഴുതിയിട്ടുണ്ട്. എങ്കിലും പ്രസിഡണ്ട് നിക്സനുപോലും മനമില്ലാമനസ്സോടെ വിയററ്നാമിൽനിന്നു ഒഴിഞ്ഞുപോകുമെന്നു പറയേണ്ടതായെങ്കിലും വന്നു. പക്ഷെ പട്ടാളമേധാവികളുടെയും സൈനികോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായികളുടെയും ദാസൻമാത്രമായ അമേരിക്കൻ പ്രസിഡണ്ടിനു യുദ്ധത്തിൽനിന്നു ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുകയാണെന്നുമാത്രം.

ഇന്ത്യാഗവർമ്മെണ്ടിൻെറ നിഷ്പ്പക്ഷതാ നയത്തിൽ പോലും രാജാജിക്കു് കടുത്ത അമർഷമുണ്ട്. ഇതിൽ കുപിതനായി അദ്ദേഹം പറയുന്ന കാര്യം അമേരിക്കയെ ഇന്ത്യയുടെ ദാസ്യവൃത്തിക്കു തയാറാക്കുന്നതിനു വേണ്ടിയാണു് "കാര്യശേഷിയില്ലാത്ത ഗവർമ്മെണ്ട്' സൃഷ്ടിക്കുന്ന വിടവ് നികത്താൻ ഒന്നല്ലെങ്കിൽ മറെറാരു കാരണത്താൽ നമ്മുടെ സൈനിക നേതാക്കൾ തയാറാകുന്നില്ലെന്നാണ്,, രാജാജിക്കു പരാതി. കമ്യൂണിസ്റ്റുകാർക്കു സൈന്യത്തിൽ നുഴഞ്ഞുകയറാൻ സമയം കൊടുക്കുകയാണത്രെ.

എന്താണ് രാജാജി പറയുന്നതിൻെറ യർത്ഥം? സൈനിക നേതാക്കൾ ഇന്ത്യയുടെ ഭരണം പിടിച്ചെടുക്കണമെന്നും അമേരിക്ക കമ്യൂണിസത്തെ എതിർക്കുന്നതിൻെറ പേരിൽ നടത്തുന്ന എല്ലാ ആക്രമണങ്ങൾക്കും കയ്യേററങ്ങൾക്കും പിന്തുണ നൽകണമെന്നുമല്ലേ? കാര്യക്ഷമതയില്ലാത്ത ഗവർമ്മെണ്ടിൻെറ വിടവ് നികത്താൻ സൈനിക നേതാക്കൾ മുന്നോട്ടു വരണമെന്നാണ് രാജാജി പരോക്ഷമായി ആഹ്വാനം നൽകുന്നത്. സ്വതന്ത്രാപ്പാർട്ടിക്കാരനായ പഴയ സൈനിക മേധാവി ജനറൽ കരിയപ്പയും പട്ടാള ഭരണത്തിനു വേണ്ടി വീണ്ടും മുറവിളി കൂട്ടുന്നുണ്ട്.

സൈനിക—മുതലാളിത്വ— സാമ്രാജ്യത്വ കൂട്ടുകെട്ടിൻെറ ഭരണം ഇന്ത്യയിൽ അടിച്ചേൽപ്പിക്കാനുള്ള തയാറെടുപ്പ് നടക്കുന്നുണ്ടെന്നു സംശയിക്കാൻ തക്ക എല്ലാ ന്യായങ്ങളും ഇപ്പോഴുണ്ട്. സ്വാതന്ത്ര്യത്തിൻേറയും ജനാധിപത്യത്തിൻേറയും ഭരണഘടനയുടേയും പേരിൽ കമ്പോഡിയയിലേക്കു സൈന്യത്തെ അയച്ചതിനു പ്രസിഡൻറ് നിക്സനെ അനുമോദിക്കുന്ന രാജാജിയാണ് അടുത്ത ഖണ്ഡികയിൽ സൈനിക നേതാക്കൾ കാര്യശേഷിയില്ലാത്ത ഗവർമ്മെണ്ടിൻെറ വിടവ് നികത്താൻ വിമുഖത കാണിക്കുന്നതിനെ അപലപിക്കുന്നത്. അപ്പോൾ രാജാജിയുടേയും കൂട്ടുകാരുടേയും ജനാധിപത്യവും ഭരണഘടനാപ്രേമവും എല്ലാം മുതലാളിത്ത താൽപ്പര്യത്തിനുവേണ്ടിയാണെന്നു വ്യക്തമായില്ലേ. ആ താൽപ്പര്യത്തിനു എന്തെങ്കിലും കുറവ് വന്നാൽ ഭരണഘടന മാററിവെച്ച് സൈനിക ഭരണത്തിനുള്ള ആഹ്വാനം നടത്തുകയായി. രാജാജിയുടെ ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരായ ബ്രിട്ടീഷുകാരും പരന്ത്രീസുകാരും പോലും അമേരിക്കക്കു വേണ്ടി സൈനിക ഭരണം ഏർപ്പെടുത്തണമെന്നു വാദിച്ചുകേട്ടിട്ടില്ല. ഗ്രീസിലെപട്ടാളഭരണത്തിൻെറ മർദ്ദനങ്ങൾക്കെതിരായി ഈരാജ്യങ്ങളിൽ ശബ്ദമുയർന്നു കേൾക്കുന്നുണ്ട്. പക്ഷെ രാജാജിക്കും കൂട്ടർക്കും അതൊന്നും പ്രശ്നമല്ല. ഗാന്ധിസമാധാന ഫൌണ്ടേഷൻെറ പേരിൽലോകസമാധാനം വേണമെന്നു വാദിക്കാനും കമ്യൂണിസ്റ്റുകാർക്കെതിരായിഅമേരിക്ക സൈനികാക്രമണംനടത്തണമെന്നു പറയാനും, സൈന്യത്തെ പിരിച്ചുവിടണമെന്നാവശ്യപ്പെടാനും അതേസമയം സൈനിക ഭരണമേർപ്പെടുത്തണമെന്നാവശ്യപ്പെടാനും രാജാജി പ്രഭൃതികൾക്കു വിഷമമില്ല. എന്നിട്ടും അവർ ബുദ്ധിമാന്മാരായി കൊണ്ടാടപ്പെടുകയല്ലേ?

X X X X

ധീരനായ പ്രസിഡണ്ട് നിക്സനെ രാജാജി പ്രശംസിക്കുമ്പോൾ ഭാരതീയജനസംഘത്തിനു പിന്തുണ നൽകുന്ന 'ഓർഗനൈസർ' പത്രത്തിനു അമേരിക്കയുടെ ധീരതയെപ്പററിനല്ല അഭിപ്രായമല്ലായുള്ളതു്. അമേരിക്കയുടെ 190വർഷത്തെ ചരിത്രത്തിൽ ഒരിക്കലുംതോൽപിക്കപ്പെട്ടിട്ടില്ലെന്നു നിക്സൺ നടത്തിയ വീരവാദത്തെപ്പററി ഓർഗനൈസർ എഴുതുന്നു 'നൂറുവർഷം മുമ്പ് മാത്രമാണ് കസ്റ്ററിൻെറ നേതൃത്വത്തിലുള്ള അമേരിക്കക്കാരെ റെഡ് ഇന്ത്യാക്കാർ തോൽപിച്ചു തകർത്തു കളഞ്ഞതു്. അതിർത്തികളിൽ ഒരുഭാഗത്തു് ജനസംഖ്യകുറഞ്ഞ കനഡയും മറുഭാഗത്തു് അവികസിതമായ മെക്സിക്കോയും ഉണ്ടായതു് അമേരിക്കയുടെ ഭാഗ്യമാണ്. ജർമ്മനിയേയോ റഷ്യയേയോ ചൈനയേയോ പോലുള്ള അയൽക്കാരെയാണ് നേരിടേണ്ടിവന്നതെങ്കിൽ അമേരിക്കയുടെഗതിയെന്താകുമായിരുന്നുഎന്നു ആർക്കും അറിഞ്ഞുകൂട. രണ്ടുലോകമഹായുദ്ധത്തിലും അമേരിക്കയുടെ സംഭാവന ആളുകളെക്കാളുപരിയായി സാധനസാമഗ്രികളിലായിരുന്നു. ഞങ്ങൾ കുത്തിനോവിക്കാനാഗ്രഹിക്കുന്നില്ല. പക്ഷെ കൊറിയയിലോ ക്യൂബയിലോ വിയററ്നാമിലോ അമേരിക്ക അത്രഖ്യാതിനേടാതെയാണ് രക്ഷപ്പെട്ടതു്''

ജനസംഘക്കാരുടെ പത്രം അമേരിക്കയെ ആശ്രയിച്ചാൽ ഗതികിട്ടുകയില്ലെന്നു മനസ്സിലാക്കിയിട്ടുണ്ടെന്നു മാത്രമല്ലാ, അമേരിക്കക്കു് കമ്പോഡിയയിൽ ഇടപെടേണ്ടകാര്യമില്ലെന്നു പറഞ്ഞിട്ടുമുണ്ട്. 'വിയററ്നാമും ലാവോസും കമ്പോഡിയയും പരസ്പരം അടുത്ത അയൽക്കാരാണ്. അടുത്തദിവസംവരെ ഒരേ രാജ്യക്കാരായിരുന്നു ഇന്തോ–ചീന. അയൽപക്കക്കാരായ ചെറിയ നാടുകളുടെ അതിർത്തിതർക്കങ്ങളിൽ വലിയൊരു വിദേശശക്തിക്കു കൈകടത്തേണ്ട കാര്യമൊന്നുമില്ല. ഈരാജ്യങ്ങളിലൊന്നിലും നിലയുറപ്പിക്കുന്നതിനു് അമേരിക്കക്കു് ധാർമ്മികമായ ഒരു നീതീകരണവുമില്ല'

ഓർഗനൈസറിനു രാജാജിയെപ്പോലെ കമ്യൂണിസത്തെ ഭയമില്ലെന്നു തോന്നുന്നു. വിയററ്നാമിലെ സമരത്തെ ദേശീയ വിമോചന സമരമായിട്ടാണ് ഓർഗനൈസറും ജനസംഘവും കാണുന്നത്. അവരുടെ അഭിപ്രായത്തിൽ ചൈനയും റഷ്യയും തമ്മിൽ സംഘട്ടനമാവാമെങ്കിൽ പിന്നെ കമ്യൂനിസത്തിൽ നിന്നു രക്ഷിക്കാൻ മററു രാജ്യങ്ങളുടെ സഹായമൊന്നുമാവശ്യമില്ല.

കമ്പോഡിയയിലെ അബദ്ധത്തിൽ അമേരിക്ക ചെന്നു ചാടിയതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടാണ് ഓർഗനൈസറുടെ മുഖപ്രസംഗം അവസാനിക്കുന്നത്.

# കത്തുകൾ

## തകഴിയുടെ വങ്കത്തം

നക്സൽബാരി പ്രസ്ഥാനത്തിനു പ്രചോദനം നൽകിയത് സാഹിത്യകാരന്മാരാണെന്നു തകഴി ശിവശങ്കരപിള്ള പ്രസ്താവിച്ചിരിക്കുന്നു. കോട്ടയത്ത് വെച്ചുനടന്ന സാഹിത്യ പ്രവർത്തക സഹകരണ സംഘം രജതജൂബിലിയാഘോഷത്തോടനുബന്ധിച്ചു ചേർന്ന യോഗത്തിലാണ് തകഴി പ്രസംഗിച്ചത്. തകഴിയുടെ തൂലികയിൽ നിന്നാണ് ഇന്ത്യയിലെ നക്സൽബാരി പ്രസ്ഥാനം രൂപം കൊണ്ടതെന്നാണ് ആ സ്വയം വിപ്ലവാചാര്യൻ അവകാശപ്പെടുന്നത്.

സാഹിത്യലോകത്തിൽ ഇങ്ങനെ സ്വയം പ്രമാണിത്തം നടിക്കുന്ന പല വങ്കന്മാരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയുള്ള ഒരു വിഡ്ഢിയെ മാത്രമേ തകഴിയെപ്പോലുള്ളവരിൽ തൊഴിലാളിവർഗ്ഗം കാണുന്നുള്ളൂ. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസ്വഭാവമുള്ള ഒരു സാഹിത്യകാരനെ കണ്ടെത്തുവാൻ കഴിയുകയില്ല. എങ്കിലും കേരളത്തിലെ പട്ടിണിസമൂഹത്തിന്റെ ഹൃദയത്തുടിപ്പുകൾ തകഴിയുടെ സാഹിത്യസൃഷ്ടികളിൽ ഇല്ലെന്നു ഞാൻ പറയുന്നില്ല.

പക്ഷെ, കേരളത്തിലെയെന്നല്ല ഇന്ത്യയിലെ തന്നെ ആയിരക്കണക്കിനു വിപ്ലവ സാഹിത്യകൃതികളുടെ ഉടമകളായ ഈ സാഹിത്യാചാര്യന്മാർ പിച്ചക്കാശിന്റെ പുറകെ സ്വന്തം കൃതികളുമായി ഓടിനടക്കുന്ന വസ്തുത ആരും അറിയുന്നില്ലെന്നു വിചാരിക്കരുത്. തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ മുതല കണ്ണുനീർ പൊഴിക്കുന്ന തകഴിമാരോട് ഒന്നു മാത്രമേ ചോദിക്കാനുള്ളൂ. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ ദൂരദർശിനിയിലൂടെ മാത്രം നോക്കികാണാതെ, ദരിദ്രകോടികളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ദയനീയതയിൽ പങ്കുകൊണ്ട് അവരുടെ ഹൃദയത്തുടിപ്പുകൾ ശരിക്കും മനസ്സിലാക്കി, അവരുടെ അന്തിമ മോചനത്തിനു വേണ്ടി ശ്രമിക്കുമോ?

അവാർഡ് വാങ്ങിച്ച്, സൌധങ്ങൾ തീർത്ത് അദ്ധ്വാനിക്കുന്നവരെക്കാണുമ്പോൾ അാച്ച്ത്തുപ്പുന്ന, തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളായ ഇക്കൂട്ടർക്കു വ്യാമോഹം കാണും—പ്ണിയെടുത്തു പട്ടിണിയനുഭവിക്കുന്നവർ ഈസാഹിത്യവും ഗർവ്വന്മാരുടെ കൃതികൾ കാണാതെ പഠിച്ചിട്ടുണ്ടാകുമെന്ന്.

നക്സൽബാരിയിൽ അവിടത്തെ ആദിവാസികളായ സിന്താൾ വർഗം വിപ്ലവത്തിനു തയ്യാറെടുത്തത് തകഴിയാചാര്യന്റെ കൃതികളൊന്നും പഠിച്ചിട്ടില്ലല്ലോ സ്വന്തം ജീവിതാനുഭവങ്ങളിൽനിന്നു പഠിച്ചാണ് അവർ സ്വയം ആയുധമെടുക്കാൻ പ്രേരിതരായത്. അവർ മാർക്സിസമോ മാവോയിസമോ പഠിച്ചു കാണുകയില്ല. എന്നാൽ തങ്ങളുടെ നിത്യദു:ഖങ്ങൾക്കറുതിവരുത്തുവാൻ എന്തുചെയ്യണമെന്നു അവർ അന്വേഷിച്ചിരിക്കും. ദു:ഖിക്കുന്ന ജനങ്ങളുമായി ഇടപഴകി അവർക്കുവേണ്ടി വിപ്ലവംനയിച്ച, അവരെ വിമോചിപ്പിച്ച ധീരരായ വിപ്ലവകാരികളുടെ ജീവിതാനുഭവങ്ങളും വിപ്ലവം വിജയിപ്പിക്കുന്നതിനുള്ള പ്രായോഗികമാർഗങ്ങളും അടങ്ങുന്ന സാഹിത്യകൃതികളുടെ സന്ദേശം അവർ ഉൾക്കൊണ്ടിട്ടുണ്ടാകാം. അക്കാര്യത്തിൽ മാവോസേതൂങ്ങ് വിപ്ലവാചാര്യൻ തന്നെ.

മൈക്കിനുമുമ്പിൽനിന്നു കൊണ്ടാണല്ലോ മാവോ വിപ്ലവം നയിച്ചത്. തകഴി എത്ര വലിയ സാഹിത്യകാരനായാലും ശരി നക്സൽബാരി പ്രസ്ഥാനത്തേയും മാവോ സേതൂങ്ങിനെയുംകുറിച്ച് അൽപം പോലും പഠിക്കാതെ തരംകിട്ടുന്നിടത്തെല്ലാം വിഡ്ഢിത്തങ്ങൾ വിളിച്ചുപറയരുത്.

ടി. സി. വൈ കാണക്കാരി

* * *

## യൂത്ത് കോൺഗ്രസ്സ് നേതാക്കളുടെജനാധിപത്യം

ഇന്ന് കേരളത്തിലെ യൂത്ത് കോൺഗ്രസിനെ (ഇന്ദിര) സംബന്ധിച്ചിടത്തോളം മുഴുവനംസ്വേച്ഛാധിപതികളും ദുർമ്മോഹികളുമായ കുറച്ചു ഛോട്ടാ നേതാക്കളുടെ കസർത്തിനുള്ള കളരിയാണ്. ആരാലും തിരഞ്ഞെടുക്കപ്പെടാതെ നേതാവെന്നു ഭാവിച്ചു നടക്കുന്ന ചില നേതാക്കന്മാരും ഇതിലുണ്ട്. പിന്നെ കുറച്ചു കൂലികൊടുത്ത റൗഡികളും. നേതാക്കന്മാരുടെ കുറച്ചു പിണിയാളുകളും കൂടിചേരുന്നതാണ് കേരളത്തിലെ യൂത്തുകോൺഗ്രസ് എന്നു പറഞ്ഞാൽ ഏറെക്കുറെ ശരിയായിരിക്കും. സാധാരണക്കാരില്ലേ എന്നുചോദിക്കും. ഏതെങ്കിലും ഒരുഅഖിലേന്ത്യാനേതാവിന്റെ സന്ദർശനസമയമാകുമ്പോൾ കേവലം പ്രദർശനത്തിനുവേണ്ടി മാത്രം വിനിയോഗിക്കപ്പെടുന്ന ഒരു കൂട്ടമാണ് സാധാരണക്കാർ. ഈ നേതൃത്വത്തിന്റെ സ്വേച്ഛാധിപത്യ പ്രവണതകൾക്കെതിരെ നിൽക്കുന്നവരുടെ നേർക്ക് ഈ നേതൃത്വം പ്രയോഗിക്കുന്നൊരായുധമുണ്ട്. വജ്രായുധം—സസ്പെൻഷനും ഡിസ്മിസും. മിക്കവാറും ഈ വജ്രായുധം കാണിച്ചു ഭീഷണിപ്പെടുത്തി അവർ തങ്ങളുടെ നേതൃത്വസ്ഥാനം നിലനിർത്താറുമുണ്ട്. ഇതിലും ഗ്രേഡ് കുറഞ്ഞ ഒരായുധമുണ്ട്.—കുറച്ചുകൂലിത്തല്ലുകാരുടെ ചില പൊടിക്കൈകൾ— (എറണാകുളം കൺവെൻഷനിലും ഇതുകാണാമായിരുന്നു) കഴിഞ്ഞ മാർച്ചിൽ എറണാകുളത്തുവെച്ചു നടന്ന യൂത്തു: കോൺ: കൺവെൻഷൻ സംബന്ധിച്ചു നടന്ന പ്രതിനിധി സമ്മേളനത്തിൽ (അല്ല—ശിങ്കിടി സമ്മേളനം—അതാണ് ശരി). ഇതുകണ്ടും അന്ന് ഈനേതാക്കന്മാര തങ്ങൾക്ക് ശിങ്കിടിപാടുന്നവർക്കു മാത്രം പ്രതിനിധിപാസ്സുകൊടുത്തു. ഓരോ ബ്ലോക്കിൽ നിന്നും മൂന്നു പ്രതിനിധികളെവീതം പങ്കെടുപ്പിക്കണമെന്നായിരുന്നു തീരുമാനം. പപക്ഷേ, നേതാക്കന്മാരുടെ മറവികൊണ്ടോ അതോ സ്വന്തം സ്ഥാനത്തിനോടുള്ള ആദരവു കൊണ്ടോ എന്തോ, ചില ബ്ലോക്കുകളിൽ നിന്നു വന്ന പ്രതിനിധികളേ ഇല്ലായിരുന്നു. (ഉദാഹരണം മാരാരിക്കുളം ബ്ലോക്ക്) കാരണമെന്താണെന്നോ? ഇവിടെ നിന്നും പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർ ഈ നേതാക്കന്മാരുടെ ചില പിടിവാശിക്കു· ദുരാഗ്രഹങ്ങൾക്കും ഏറാൻമൂളാൻ തയാറാകാത്തവരാണ്. ഈ ബ്ലോക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ പാസ്സു കൊടുക്കാതെ സമ്മേളന ഹാളിനു പുറത്ത് കാവൽക്കാരായി നിർത്തുകയാണ് ചെയ്തത്. എന്താണ് പാസ്സുതരാത്തതെന്ന് ഒരു പ്രതിനിധി അയാളുടെ ബ്ലോക്കിലെ പ്രസിഡൻറിനോടു ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഇതാണ്. മുകളിലത്തെ നേതാവു പറഞ്ഞു “പാസ്സുകൊടുക്കണ്ട, കൊടുത്താൽ അവരവർ നമ്മെ ഇരുത്തിപ്പൊറുപ്പിക്കുകയില്ല”. ഈ ബ്ലോക്കു പ്രസിഡൻറ് കഴിമഞ്ഞൊരു ദിവസം അദ്ദേഹത്തിന്റെ കീഴിലുള്ള മുഹമ്മമണ്ഡലത്തിൽ ഒരു മിന്നൽപരിശോധനക്കു വന്നു. ആ അവസരത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെബ്ലോക്കുപ്രസിഡൻറുംസ്ഥലത്തുണ്ടായിരുന്നു. ഞങ്ങൾ കുറച്ചുപേര പ്രതിനിധിസമ്മേളനത്തിന് ഞങ്ങളുടെപ്രതിനിധി ശ്രീ. കെ പി. സുദർശനനെ പാസ്സുകൊടുക്കാതെ പുറത്തുനിർത്തിയതിന്റെ കാരണം ചോദി

# മാടായിയുടെ മുന്നറിയിപ്പ്

മാടായിയിലെ ഉപതെരഞ്ഞെടുപ്പിന്റെ ഫലം മിക്ക രാഷ്ട്രീയ കക്ഷികൾക്കും ഒരു മുന്നറിയിപ്പാണ്. കേരളം ഭരിക്കുന്ന കുറുമുന്നണിക്കാരും കോൺഗ്രസ്സുകാരും പിന്തുണ നൽകിയ വലത് കമ്മ്യൂണിസ്റ്റ് സ്വതന്ത്രസ്ഥാനാർത്ഥി കെ. രാഘവൻ പരാജയപ്പെട്ടു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണ നൽകിയ കെ. എസ്. പി കാരൻ ജോൺമാഞ്ഞൂരാൻ നാലായിരിത്തി രണ്ട് വോട്ടിന്റെ ഭൂരിപക്ഷത്തോടെ ജയിച്ചു.

നിലമ്പൂർ തെരഞ്ഞെടുപ്പ് ഫലത്തെ തുടർന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക സ്വാധീനശക്തി കുറഞ്ഞുവെന്നു കരുതിയിരുന്നവർ ഇപ്പോൾ തങ്ങളുടെ കണക്കുകൂട്ടലുകൾ പുനപ്പരിശോധിച്ചു തുടങ്ങിയിട്ടുണ്ട്. മാടായിയിൽ നടന്ന ഉപതെരഞ്ഞെടുപ്പിന്റെ ഫലം കാണിക്കുന്നതു് 1967ൽ തങ്ങൾക്കുണ്ടായിരുന്ന പിന്തുണ ഏറെക്കുറെ നിലനിർത്താൻ മാർക്സിസ്റ്റ്കമ്മ്യൂണിസ്റ്റ് പാർട്ടിക്ക കഴിഞ്ഞുവെന്നാണ്. 1967ൽ ഐക്യമുന്നണിസ്ഥാനാർത്ഥിയായിമത്സരിച്ച മത്തായിമാഞ്ഞൂരാന് 32,974വോട്ടുകിട്ടി. അദ്ദേഹത്തെ എതിർത്ത അവിഭക്തകോൺഗ്രസ് സ്ഥാനാർത്ഥിക്ക് 13865വോട്ടും ജനസംഘം സ്ഥാനാർത്ഥിക്ക് 1038 വോട്ടും കേരളാ കോൺഗ്രസ് സ്ഥാനാർത്ഥിക്ക് 816വോട്ടുമാണ് ലഭിച്ചതു്.

ഈ കണക്കുകൾ കാണിക്കുന്നതു് 1965ലെ തെരഞ്ഞെടുപ്പ് നിലയിൽനിന്നു രാഷ്ട്രീയമായി വലിയ വ്യതിയാനമൊന്നും 1967ൽ ഉണ്ടായില്ലെന്നാണ്. 1965ലെ വോട്ടർപടികയുടെ അടിസ്ഥാനത്തിൽ തന്നെയാണ് 1967ലും തെരഞ്ഞെടുപ്പ് നടന്നതു്. 1965ൽ മുസ്ലീംലീഗ് സ്വന്തംസ്ഥാനാർത്ഥിയെ നിർത്തി മാടായിയിൽ മത്സരിച്ചിരുന്നു. അന്നു മുസ്ലീംലീഗ് സ്ഥാനാർത്ഥിക്ക്9,779വോട്ടുകിട്ടി. മാർക്സിസ്റ്റ് സ്ഥാനാർത്ഥിക്ക് 26,784വോട്ടും കോൺഗ്രസ് സ്ഥാനാർത്ഥിക്ക് 15034 വോട്ടുംലഭിച്ചു. ഈ കണക്കുകളനുസരിച്ചു് 1967ൽ മാർക്സിസ്റ്റ്പിന്തുണയുള്ള സ്ഥാനാർത്ഥിക്ക് മുപ്പത്തിയാറായിരത്തിലധികം വോട്ടുകൾ ലഭിക്കേണ്ടതായിരുന്നു. പക്ഷെ മുപ്പത്തിമൂവായിരത്തോളം വോട്ടുകളാണ് 1967ൽ മത്തായിമാഞ്ഞൂരാനു കിട്ടിയതു്. എന്നാൽ ഈ കുറവു കാര്യമായി എടുക്കേണ്ടതില്ല. കാരണം 1965നെയപേക്ഷിച്ചു് 1967ൽ ഈ നിയോജക മണ്ഡലത്തിൽ വോട്ടുചെയ്തവരുടെ എണ്ണം കുറവാണ്. കോൺഗ്രസിന്റെ വോട്ടിലും ഈ കുറവ് കുറെയൊക്കെപ്രതിഫലിച്ചിട്ടുണ്ട്. മൊത്തത്തിൽ 1965ലെ നിലതന്നെ 1967ലും പാലിച്ചിട്ടുണ്ടെന്നു അനുമാനിക്കുന്നതിൽ തെറ്റില്ല.

1970ലെ ഉപതെരഞ്ഞെടുപ്പായപ്പോഴേക്കും വോട്ടർമാരുടെ എണ്ണത്തിലും രാഷ്ട്രീയകക്ഷികളുടെ ചേരിതിരിവിലും ഗണ്യമായമാററമുണ്ടായി. 1966ൽ 64'990 വോട്ടർമാരുണ്ടായിരുന്നതു് 1970ൽ 75070 ആയിവർദ്ധിച്ചു. അതായതു്11080വോട്ടുകൂടുതൽ. വർദ്ധിച്ച ഈ വോട്ടുകൾ പരിഗണിക്കാതെ ഉപതെരഞ്ഞെടുപ്പ് ഫലത്തെ വിലയിരുത്തുന്നതു് ശരിയായിരിക്കുകയില്ല. പോളിങ്ങ് ശതമാനത്തിലെ വർദ്ധനയൊ കുറവൊ എല്ലാകക്ഷികളെയും ഏറെക്കുറെ ആനുപാതികമായി ബാധിക്കുമെന്നാണ് കരുതേണ്ടതു്. കാരണം 1967ലെ പോളിങ്ങ് ശതമാനവും മാടായിയെ സംബന്ധിച്ചിടത്തോളം അത്രകുറവൊന്നുമായിരുന്നില്ല.

ഈ പശ്ചാത്തലത്തിൽ പരിഗണിക്കുമ്പോൾ 1970ൽ മാർക്സിസ്റ്റ് പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥി ജോൺ മാഞ്ഞൂരാനു 30,898 വോട്ടുകൾ കിട്ടിയതിൽ നിന്നു മനസ്സിലാക്കേണ്ടതു് മാർക്സിസ്റ്റ് പാരട്ടിയുടെ പിന്തുണ ഒട്ടുംതന്നെ കുറഞ്ഞിട്ടില്ലെന്നാണ്. കാരണം 1967 നെയപേക്ഷിച്ചു് 1970 ൽ മാർക്സിസ്റ്റ് പാർട്ടി മാക്കവാറും ഒററക്കുതന്നെയാണ് മത്സരിച്ചതു്. മുസ്ലീം ലീഗിന്റെയും വലതു് കമ്മ്യൂണിസ്റ്റ്പാർട്ടി, ഐ. എസ്. പി. തുടങ്ങിയവയുടേയും പിന്തുണ അവർക്കു നഷ്ടപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി 1965 ലെ നിലവെച്ചു നോക്കിയാൽ പതിനായിരം വോട്ടുകളെങ്കിലും മാർക്സിസ്റ്റ് പാർട്ടിക്ക് 1967 നെയപേക്ഷിച്ചു് കുറവു വരേണ്ടതാണ്. അതായതു് ഇരുപത്തിമൂവായിരം വോട്ടുകൾ കിട്ടിയാൽതന്നെ മാർക്സിസ്റ്റ് പാർട്ടി അവരുടെ പിന്തുണ നിലനിർത്തിയെന്നു കരുതാമെന്നർത്ഥം. പക്ഷെ, അവർക്ക് 30,898 വോട്ടു ഉപതെരഞ്ഞെടുപ്പിൽ ലഭിച്ചു. 1967ലെ നിലതന്നെ തുടരുകയായിരുന്നെങ്കിൽ കിട്ടുമായിരുന്നതിനേക്കാൾ ഏഴായിരം വോട്ടു കൂടുതൽ ലഭിച്ചുവെന്നർത്ഥം. പതിനോരായിരം വോട്ടുമൊത്തം വർദ്ധിച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ വോട്ട് ഏഴായിരം വർദ്ധിച്ചുവെന്നാണു കാണുന്നതു്.

മറുപക്ഷത്ത് കോൺഗ്രസ്സിന്റെയും മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള കുറുമുന്നണിക്കാരുടേയും വോട്ടിന്റെ നില പരിശോധിച്ചു നോക്കാം. 1965 ലെ കണക്കും 1967 ലെ കണക്കുംവെച്ചു നോക്കുമ്പോൾ 1970 ൽ കോൺഗ്രസ്സിനും മുസ്ലീംലീഗിനും കേരളാ കോൺഗ്രസ്സിനും കൂടി ഇരുപത്തിനാലായിരത്തി അഞ്ഞൂറോളം വോട്ടും ലഭിക്കേണ്ടതാണ്. 1970ൽ യഥാർത്ഥത്തിൽ കുറുമുന്നണി സ്ഥാനാർത്ഥിക്കു ലഭിച്ചവോട്ടുകൾ 26,896 ആണ്. രണ്ടായിരത്തിമുന്നൂറിന്റെ വോട്ടുകൂടുതൽ ലഭിച്ചിട്ടുണ്ട്. പതിനോരായിരം വോട്ടു വർദ്ധിച്ചയവസരത്തിലാണ് രണ്ടായിരത്തിലേറെ മാത്രം വോട്ടുകൾ മാർക്സിസ്റ്റിതരർക്കു ലഭിച്ചതെന്നു മനസ്സിലാക്കണം. മാർക്സിസ്റ്റു പിന്തുണയുള്ള സ്ഥാനാർത്ഥിക്കാണെങ്കിൽ ഏഴായിരത്തോളം വോട്ടാണു കൂടുതൽ ലഭിച്ചതെന്നു കണ്ടുകഴിഞ്ഞു.

ഈ സന്ദർഭത്തിൽ സിൻഡിക്കേററിന്റെ ആവിർഭാവവും പരിഗണിക്കണം. സിൻഡിക്കേററിനു രണ്ടായിരത്തിഎണ്ണൂറോളം വോട്ടുലഭിച്ചു. ഇത്കുറുമുന്നണി സ്ഥാനാർത്ഥിക്കു ലഭിക്കുമായിരുന്നു എന്നു കരുതേണ്ട വോട്ടുകളാണ്. ഈ വോ-

## കത്തുകൾ (തുടർച്ച)

ച്ചപ്പോൾ ആ നേതാവു പറഞ്ഞതു് 'നിങ്ങളുടെ വണ്ടി (കൺവൻഷനിൽ പങ്കെടുക്കാൻ) വന്നില്ലെങ്കിലും ഞങ്ങൾക്കൊന്നുമില്ലായിരുന്നു. കൺവൻഷൻ കഴിഞ്ഞു് നിങ്ങളുടെ മണ്ഡലം യൂത്തുകോൺഗ്രസ് കമ്മററിയെ ഡിസ്മിസ്സ് ചെയ്യാനിരിക്കുകയായിരുന്നു' എന്നു്. ആ പ്രസിഡണ്ടിനു് ഇങ്ങനെ പറയുവാൻ ചങ്കൂററം ഉണ്ടായതിൽ അത്ഭുതംതോന്നേണ്ടകാര്യമില്ല. കാരണം അദ്ദേഹവും 'ഒരിത്തിക്കണ്ണിയാണ്'' മൂത്ത നേതാക്കന്മാർക്കെതിരായിട്ടന്തെങ്കിലും പറഞ്ഞുപോയാൽ ഉടൻ ഡിസ്മിസാണു്.

ഡിസ്മിസുംകാത്തിരിക്കുന്ന ഒരുമണ്ഡലത്തിന്റെ പ്രതിനിധിയായ

വി. പി. പത്മകുമാർ മുഹമ്മ

ശേഷം 12-ാംപേജിൽ

ട്ടുകൾ കൂടികൂട്ടിയാലും ശരി മാർക്സിസ്റ്റിതരർക്കു അയ്യായിരത്തോളം വോട്ടു വർദ്ധിച്ചപ്പോൾ മാർക്സിസ്റ്റുകാർക്കും ഏഴായിരത്തിലധികം വോട്ടു വർദ്ധിച്ചുവെന്നതു നിഷേധിക്കാനാവില്ല. പതിനായിരം വോട്ടിന്റെയും പോളിങ്ങ് ശതമാനത്തിന്റെയും വർദ്ധന മാർക്സിസ്റ്റുകാരും മാർക്സിസ്റ്റിതരരും തമ്മിൽ പങ്കിട്ടെടുത്തിരിക്കുന്നത് ഏറ്റവും ഉദാരമായി കണക്കാക്കിയാൽ പോലും 7:5 എന്നനുപാതത്തിലേയാകുന്നുള്ളൂ. അതുകൊണ്ട് മാർക്സിസ്റ്റ് ഇതര പാർട്ടികളുടെ പിന്തുണ കാര്യമായികുറഞ്ഞുവെന്നു കരുതാവുന്നതല്ലെങ്കിലും മാർക്സിസ്റ്റ് പാർട്ടിയുടെ പിന്തുണയിലാണ് ആനുപാതികമായി വർദ്ധനവുണ്ടായിട്ടുള്ളതെന്നു നിഷേധിക്കാനാവില്ല.

മാടായിലെ ഉപതെരഞ്ഞെടുപ്പു ഫലം രാഷ്ട്രീയ രംഗത്തും ഭരണരംഗത്തും എന്തെല്ലാം പ്രത്യാഘാതങ്ങളാണുണ്ടാക്കാൻ പോകുന്നത് എന്നു പറയാറായിട്ടില്ല. പക്ഷേ കേരളത്തിലെ വിലപേശൽ രാഷ്ട്രീയത്തിനു പലതും അതു കരുവാക്കാൻ പോകുകയാണ്. ഐ. എസ്സ്. പി. ക്കാരും ഒരേപോലെ തന്നെ ഭീഷണികൾ തെരഞ്ഞെടുപ്പിനുമുമ്പേ മുഴക്കിക്കഴിഞ്ഞു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയാണ് ഐ. എസ്സ്. പി. യെ ഭിന്നിപ്പിച്ചതെന്നു പി. ആർ. കുറുപ്പ് കുറ്റപ്പെടുത്തിയിരിക്കുന്നു, പി. എസ്സ്. പി. ക്കാരെ കോർഡിനേഷൻ കമ്മിറ്റിയിലോ മന്ത്രിസഭയിലോ ഉൾപ്പെടുത്തുന്നതിനെ ഐ. എസ്സ്. പി. എതിർക്കുമെന്നാണു പി. ആർ. കുറുപ്പ് പ്രസ്താവിച്ചിരിക്കുന്നത്. അധികാരത്തിലും നയ രൂപീകരണത്തിലും പങ്ക് നൽകാതെ മന്ത്രിസഭക്കു പിന്തുണ നൽകേണ്ടുന്ന ഭാരം തങ്ങൾക്കില്ലെന്നു പി. എസ്സ്. പി. ക്കു വേണ്ടി എൻ. കെ. ശേഷനും വ്യക്തമാക്കിയിരിക്കുന്നു. ഇതിനിടയിൽ മുൻമന്ത്രി പി.കെ. കുഞ്ഞിന്റെ പേരിലുള്ള അന്വേഷണം തുടരേണ്ടതായ നിലയും വന്നു ചേർന്നിരിക്കുന്നു. അതോടൊപ്പം മാടായിലെ ഉപതെരഞ്ഞെടുപ്പ് ഫലം മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്കാർക്കു നിയമ സഭയിൽ ഒരംഗത്തിന്റെ പിന്തുണകൂടി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണ്.

ഇപ്പോഴത്തെ കക്ഷി നിലയനുസരിച്ചും നിയമ സഭയിൽ ഭരണ കക്ഷിക്കനുക്രമമായി 69 വോട്ടും പ്രതിപക്ഷത്തിനു 64 വോട്ടുമാണുള്ളതു്. (ഭരണ വിഭാഗം— സി. പി. ഐ. 21, മുസ്‌ലീം ലീഗ് 14, ഐ. എസ്സ്. പി. 6, പി. എസ്സ്. പി. 8, ആർ. എസ്സ്. 6, കേരളാ കോൺഗ്രസ്സ് 5, പി. എസ്സ് പി. 3, കർണ്ണാടക സമിതി 2, കക്ഷിരഹിതർ (വിൽസൺ, മജീദ്, മൊറെയിൽസ്) 3, കെ. കെ. പി.-1)

പ്രതിപക്ഷത്തിന്റെ കക്ഷിനില ഇപ്രകാരമാണ്— മാർക്സിസ്റ്റ് 49, എസ്സ്. എസ്സ്. പി –4, തീവ്രവാദി-2, കക്ഷിരഹിതർ (എം. കെ. ജോർജ്ജ്, ചന്ദ്രസേനൻ)2' ആംഗ്ലോ ഇന്ത്യൻ നോമിനേഷൻ1, കെ. ടി. പി.-1, കെ. എസ്സ്. പി.–1, സിൻഡിക്കേറ്റ് 4.-നിയമസഭയിലെ ഈ കക്ഷിനിലയും ഐ. എസ്സ്. പി. യുടെയും പി. എസ്സ്. പി. യുടെയും ചേരിപ്പോരും ചേർന്നു അച്യുതമേനോൻ മന്ത്രിസഭയുടെ ഭാവി വിശ്വാസ പ്രമേയത്തിന്റെ സന്ദർഭത്തിലുണ്ടായിരുന്നതിനെക്കാൾ അപകടത്തിലെത്തിയിരിക്കുന്നു. രണ്ടോ മൂന്നോ എം. എൽ. എ. മാരുടെ ചേരിമാറ്റം കേരള മന്ത്രിസഭയെ നിലംപതിപ്പിക്കും.

ഇതു മനസിലാക്കികൊണ്ടു് തന്നെ കുറുമുന്നണിയിലെ ചെറുകിടകക്ഷികൾ ചേരിമാറ്റത്തിനു തയ്യാറെടുപ്പ് നടത്തിക്കൂടായ്കയില്ല. ഐ. എസ്. പി. യും പി. എസ്. പി. യും കെ. കെ. പി. യും ആർ എസ്. പി. യും വീണ്ടും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുമായി കൂട്ടുകൂടാൻ തയ്യാറായിരിക്കും. എങ്ങിനെയാണ് മാർക്സിസ്റ്റ് പാർട്ടിയുമായി പുതിയ വേഴ്ച തുടങ്ങേണ്ടതെന്നകാര്യത്തിൽ മാത്രമെ ഈ കക്ഷികൾക്കു ആശങ്കയുള്ളൂ. അങ്ങിനെയൊരു വേഴ്ചയാരംഭിച്ചുകഴിഞ്ഞാൽ 'അച്യുതമേനോൻ ഇടക്കാലതെരഞ്ഞെടുപ്പിനു നിശ്ചയിക്കാനും മതി.

കേരളത്തിന്റെ ഭാവിഭരണത്തെ ബാധിക്കുന്ന സുപ്രധാനമായ ഈ നീക്കങ്ങളിൽ ഒരുപങ്കും വഹിക്കാനില്ലാത്ത കക്ഷിയായിത്തീർന്നിരിക്കുന്നു കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന്റെ ദീർഘവീക്ഷണമില്ലായ്മ കാരണം കുറുമുന്നണിനേതാക്കളുടേയും വൻകിട പത്രങ്ങളുടേയും പ്രേരണക്കു വിധേയമായി അപ്പോഴപ്പോൾ സ്വീകരിച്ച നയത്തിന്റെ പരിണിതഫലമാണിതു്. ഇന്നു കോൺഗ്രസ്സിനെ നയിക്കുന്ന വൻകിടപത്രങ്ങൾ ജനാധിപത്യമുന്നണിക്കു വേണ്ടിയുള്ള വാദം ആരംഭിച്ചുതുടങ്ങിയിട്ടുണ്ടു്. ഈ വാദം നടപ്പിലാകുകയില്ലെന്നു കരുതിക്കൂടാ. ഉപതെരഞ്ഞെടുപ്പിൽ സിൻഡിക്കേറ്റിനുണ്ടായ ദയനീയ പരാജയം അവരെ പുനർചിന്തനത്തിനു പ്രേരിപ്പിക്കുന്നുണ്ടായിരിക്കും. അവരും കേരളാകോൺഗ്രസും ജനസംഘവും ഒന്നിച്ച് ഒരുമുന്നണിയുണ്ടാക്കിക്കൂടെന്നില്ല. 1972ആകുമ്പോഴേക്കും അഖിലേന്ത്യാട്സ്ഥാനത്തിൽ ഉണ്ടാകുന്ന മുന്നണിക്കു അനുയോജ്യമായിരിക്കും. ഇതു് വലതുകമ്യൂണിസ്റ്റ്കാരും മുസ്ലീംലീഗും കോൺഗ്രസും ഒന്നിച്ച് മറ്റൊരു മുന്നണിയും രൂപമെടുക്കാൻ സാദ്ധ്യതയുണ്ടു്. ഇതിനും പുറമെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്കാരും അവരുടെകൂടെ നിൽക്കുന്ന കക്ഷികളും ചേർന്നു മൂന്നാമതൊരു മുന്നണിയും രൂപമെടുക്കും. അങ്ങിനെ ഇ. എം. എസ്സ് ചൂണ്ടിക്കാണിച്ചതരത്തിൽ മൂന്നുമുന്നണികൾ 1972ലോ അടുത്ത ഇടക്കാല തെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിലോ ഉണ്ടായീയെന്നു വരും.

എന്നാൽ മാർക്സിസ്റ്റിതരരുടെ വോട്ടുകൾ ഒട്ടെങ്കിലും ഭിന്നിച്ചാൽ മാർക്സിസ്റ്റ്പാർട്ടി വിജയിക്കുമെന്ന നിലയാണുള്ളതു്. ഇതു് മനസ്സിലാക്കി മാർക്സിസ്റ്റിതരമുന്നണിക്കുവേണ്ടിയുള്ള വാദം വൻകിടപത്രങ്ങൾ മുഴക്കുന്നുണ്ടു്. ഈ മുറവിളിയുടെ ഫലമായി വലതുകമ്യൂണിസ്റ്റ്കാർ ഒറ്റപ്പെട്ടെന്നുവരാം. അവരൊറ്റപ്പെടുന്നുവെങ്കിൽ ഫലത്തിൽ രണ്ടു് മുന്നണികളേയുണ്ടാകുകയുള്ളൂ. ഇന്നുരാഷ്ട്രീയ ചേരിതിരിവിന്റെ കാര്യത്തിലായാലും സീററുവിഭജനത്തിന്റെ കാര്യത്തിലായാലും വലതു കമ്യൂണിസ്റ്റ് പാർടിയാണു് മററുകക്ഷികൾക്കു പ്രശ്നമായിത്തീർന്നിട്ടുള്ളതു്.

ഏതായാലും ശരി അടുത്ത നിയമസഭ കൂടുന്നുവെങ്കിൽ, സിൻഡിക്കേറ്റുകാർ വീണ്ടും തങ്ങളുടെ നാലു എം. എൽ. എ. മാരേയും വെച്ചുകൊണ്ടു് വിലപേശുവിനു തയാറായേക്കും. മന്ത്രിസഭയെ നിലനിർത്തുകയോ തകർക്കുകയോ ചെയ്യാനുള്ള ശക്തി ഒരു കക്ഷിയെന്ന നിലയിൽ അവർക്കാണു കൈവരാൻ പോകുന്നത്. പുതിയ ഐക്യമുന്നണിയിലോ തെരഞ്ഞെടുപ്പുധാരണയിലോ തങ്ങളാവശ്യപ്പെടുന്ന പങ്ക് നൽകുന്നവരുമായി സിൻഡിക്കേറ്റുകാർ ചേരുന്നതാണ്. ആ പങ്ക് ലഭിക്കുന്നതിനു നിയമസഭയിലെ സ്ഥാനം അവർ ഉപയോഗിക്കുന്നതായിരിക്കും. ഏത് ഐക്യമുന്നണിയിൽ ചേരണമെന്നോ ഐക്യമുന്നണിതന്നെ വേണമോ എന്നറി

## മതം വ്യക്തികാര്യമാക്കുക

പതിനഞ്ചാംലക്കം നിർണ്ണയത്തിൽ 'എഴുതാപ്പുറ'ത്തിൽ സർവ്വമതസമ്മേളനങ്ങളുടെ പൊള്ളത്തരം വിശദമായി ചർച്ചചെയ്തിരിക്കുന്നതു സന്തോഷത്തോടെ വായിച്ചു.

അയ്യപ്പ-സേവാസംഘത്തിന്റെയെന്നല്ല എന്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മതസമ്മേളനങ്ങളും ബഹിഷ്ക്കരിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. മതത്തിന്റെ പേരിൽ ലോകത്തെമ്പാടും പ്രത്യേകിച്ച് ഇന്ത്യയിൽ നടക്കുന്ന അസ്വാസ്ഥ്യങ്ങളും അക്രമങ്ങളും നാം കാണുന്നുണ്ടല്ലോ. മതത്തിന്റെയും അതിന്റെ പിണിയാളുകളുടെയും സ്വാർത്ഥത്തിനും കൊള്ളരുതായ്മക്കും ഒരു മറപിടിക്കാനും തമ്മിലുള്ള ഒത്തുകളിക്കും മാത്രമെ സർവ്വമതസമ്മേളനങ്ങൾ പ്രയോജനപ്പെടുകയുള്ളു.

കേരളത്തിൽ 1921ൽ ആണ് ശ്രീനാരായണഗുരു ആലുവായിൽ ആദ്യമായി ഒരു സർവ്വമതസമ്മേളനം സംഘടിപ്പിച്ചതു്. വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ് എന്നബോർഡ് എഴുതിവെച്ചാണ് അന്ന് അതുകൂടിയതു്. എന്നിട്ടെന്തുണ്ടായി. ഉദ്ദേശം 50 കൊല്ലം കഴിഞ്ഞു. ഇന്നും മതത്തിന്റെ പേരിൽ തട്ടിപ്പുകളും ചൂഷണങ്ങളും വർദ്ധിച്ചിട്ടേയുള്ളു.

പുരോഹിതന്മാരും മതമേധാവികളും നടത്തുന്ന സർവ്വമതസമ്മേളനങ്ങളെ കഴിയുന്നതും എതിർക്കുക, സ്വതന്ത്ര ചിന്തകന്മാർ നിർമ്മതപ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുക, എല്ലാമതക്കാരും മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ നടത്തുന്ന തട്ടിപ്പുകൾ തുറന്നുകാട്ടുന്ന നല്ലചുട്ടുള്ള സ്വതന്ത്രചിന്തകൾ നിർണ്ണയത്തിൽ കാണാൻ ആഗ്രഹിക്കുന്നു.

പോക്കററടിക്കാരും ചൂതാട്ടക്കാരും, പിടിച്ചുപറിക്കാരും എല്ലാം ഒന്നാണെന്നു പറയുന്ന അർത്ഥമേ എല്ലാ മതതത്വങ്ങളും ഒന്നാണെന്നു പറഞ്ഞു ആളുകളെ വ്യാമോഹിപ്പിക്കുന്ന സർവ്വമതസമ്മേളനങ്ങൾക്കും പ്രസക്തിയായിട്ടുള്ളു. അത്തരമുള്ള ആധുനികതട്ടിപ്പുപ്രസ്ഥാനത്തെ സുധീരം എതിർക്കുകതന്നെവേണം. അയ്യപ്പസേവാസംഘം പോലെയുള്ള മതസ്ഥാപിതതാല്പര്യക്കാർ കൊണ്ടുനടക്കുന്ന പലവിദ്യകളുമുണ്ടു്. അയ്യപ്പജ്യോതി എന്നപേരിൽ ലക്ഷക്കണക്കിന് പണംപിരിക്കാൻ അവരിറങ്ങും. മതം വ്യക്തികാര്യമാക്കുക, നിർമ്മിതപ്രസ്ഥാനം വളർത്തിയെടുക്കുക, സ്വന്തമായും സ്വതന്ത്രമായും ചിന്തിക്കാൻ യുവതലമുറയെ സജ്ജമാക്കുക.

ശങ്കരൻ കരിപ്പായി ചെറായി

x x x

## ഖലീഫാഉമ്മറും ക്രിസ്തീയവൈദികനും

ഈയിടെ പത്രപംക്തികളിൽവന്ന ഒരു വാർത്തയാണ് എന്നെ ഈ കത്തെഴുതാൻ പ്രേരിപ്പിച്ചതു്. മൂന്നാംസ്ററാൻഡാർഡിലുള്ള "ഖലീഫാഉമ്മർ" എന്ന പാഠത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഖലീഫാഉമ്മറിന്റെ ചിത്രം ഒരു പ്രത്യേകമതവിഭാഗത്തിന് ആക്ഷേപകരമായതുകൊണ്ടു് നമ്മുടെ ഗവർമെണ്ടു് ആ ചിത്രം ഇനിയുള്ള പതിപ്പുകളിൽ പ്രസിദ്ധീകരിക്കുന്നതല്ല. (യാതൊരു പത്രങ്ങളിലും ഈ വിഭാഗമേതെന്നു എഴുതിയിട്ടില്ല. ദേശീയോദ്ഗ്രഥനക്കാർ പറഞ്ഞിട്ടുള്ളതുകൊണ്ടാവാം പത്രക്കാർ വർഗ്ഗീയസൗഹാർദ്ദം നിലനിർത്താൻവേണ്ടി ഈ പ്രത്യേകവിഭാഗത്തിന്റെ പേരു വ്യക്തമാക്കാത്തതു്. സാഹചര്യം കൊണ്ടു് മുസ്ലീംസമുദായമാണ് ഈ മതവിഭാഗമെന്നു് ഊഹിക്കുന്നു.) കൂടാതെ പ്രസിദ്ധീകരിക്കപ്പെട്ടുപോയ ചിത്രങ്ങൾ മറച്ചു കളയാൻവേണ്ടി ഈ ചിത്രങ്ങളുടെ മുകളിൽഒട്ടിക്കുവാൻ ഗവർമെണ്ടിൽനിന്നും കടലാസ് കൊടുക്കുന്നുണ്ടുപോലും! നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്കിടയിൽ വർഗ്ഗീയവിഷം കുത്തിവെയ്ക്കുവാൻ ചില തല്പരകക്ഷികൾ ശ്രമിക്കുന്നതുകണ്ടിട്ട് എഴുതിപ്പോവുകയാണ്. ആരുപറഞ്ഞിട്ടാണ് ഈ ഖലീഫ ഉമ്മറിനെക്കുറിച്ച് ഒരുപാഠഭാഗം വിദ്യാർത്ഥികൾക്ക് പഠിക്കാനായി ചേർത്തതു്. ഞാനോ, നിങ്ങളോ പഠിച്ചിരുന്നകാലത്തു ഇങ്ങനെ ഒരു ഉമ്മറിനെക്കുറിച്ച് കേട്ടിട്ടുണ്ടോ. ഓ. ക്ഷമിക്കണം. ഇവിടത്തെ വിദ്യാഭ്യാസമന്ത്രി മുസ്ലീം ആയിപ്പോയല്ലോ. ദാനശീലനും പാവങ്ങളോടു കരുണയുള്ളവനുമായിരുന്ന ഖലീഫാഉമ്മറിന്റെ ജീവചരിത്രത്തിലെ ഒരുസംഭവം ആണ് പാഠ്യവിഷയം. ഇതിനെന്താണ് തെററ്! മുസ്ലീംസമുദായത്തിനു പ്രാതിനിധ്യം കൊടുക്കുന്നതു ശരിയല്ലേ? പക്ഷെ ഈ അഭിനവമഹാബലിയെക്കുറിച്ച് പാഠപുസ്തകത്തിൽ ഒരു പാഠഭാഗം ചേർത്തതു് നാലാളുകൾഅറിയേണ്ട. പ്രത്യേകിച്ചും മുസ്ലീമുകൾ അറിഞ്ഞാലല്ലേ അവരുടെ മന്ത്രിക്കസ്ഥാനമുള്ളു. ഇതാ ഗവർമെണ്ടിൽനിന്നും കൽപനയായി. മൂന്നാംപാഠപുസ്തകത്തിൽ ഒരു പാവപ്പെട്ടവീട്ടിൽ അരിവെയ്ക്കുവാൻ നിവർത്തിയില്ലാതെ കിടന്നു കരയുന്ന ഒരുസ്ത്രീയെ ദയാപൂർവ്വം വീക്ഷിക്കുന്ന ഖലീഫയെ കണ്ടാൽ - ഒരുകള്ളനാണന്നേ തോന്നുകയുള്ളു. അതു് ഒരു പ്രത്യേകമതവിഭാഗത്തിന്റെ വികാരങ്ങളെ ഹനിക്കുന്നതുകൊണ്ടു് ഇനിമേൽ ഉള്ളപതിപ്പുകളിൽ ഈചിത്രം പ്രസിദ്ധീകരിക്കുന്നതല്ല. എന്തൊരു വർഗ്ഗീയ സ്നേഹം. ആ ചിത്രം ഭാവനയിൽ നിന്നും വരച്ച ചിത്രകാരനോടു നഷ്ടപരിഹാരം ആവശ്യപ്പെട്ടേക്കാം.

തീർന്നിട്ടില്ല. ഇതുകണ്ട ക്രിസ്തീയവർഗ്ഗീയവാദികൾ . രംഗപ്രവേശനം ചെയ്തു. അതേ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന യേശുക്രിസ്തുവിനെക്കുറിച്ചുള്ള പാഠഭാഗത്തിലെ ചിത്രം ക്രിസ്ത്യൻസമുദായത്തിന് അവഹേളനാപരമാണപോലും! ക്രിസ്തുവിനു സമീപം നില്ക്കുന്നതായി ചിത്രീകരിച്ചിരിക്കുന്ന യഹൂദ പുരോഹിതനു് കത്തോലിക്കാ പുരോഹിതനുമായി സാമ്യം ഉണ്ടു്. അതുകൊണ്ടു് പിഞ്ചുകുഞ്ഞുങ്ങൾക്ക് കത്തോലിക്കാവൈദീകർക്കെതിരെ മനോഭാവം സൃഷ്ടിക്കുവാൻ ഈ ചിത്രം കാരണമാകും. അടുത്ത ദിവസങ്ങളിൽ കണ്ട ഒരു വാർത്തയാണിതു്. കത്തോലിക്കാകോൺഗ്രസ് ക്രിസ്ത്യാനി മന്ത്രിസഹിതം വിദ്യാഭ്യാസമന്ത്രിക്ക് നിവേദനത്തിനു പോകുന്നുപോലും. കഷ്ടം ഇവിടെയും കലാകാരൻ കുരിശിൽ കയറും. എന്തുകൊണ്ടു് അയാളുടെ ഭാവനയിൽ യഹൂദപുരോഹിതന്റെ

---

### മടായി മുന്നറിയിപ്പു് (തുടർച്ച)

യാതെ കുഴങ്ങുന്ന ഗതികേടിൽ കോൺഗ്രസ്സ് തുടർന്നു പോകുകയും ചെയ്യും. സ്വന്തമായ തീരുമാനമെടുക്കാൻ കഴിവുള്ള ധീരമായ നേതൃത്വം കോൺഗ്രസ്സിനുണ്ടാകുന്നില്ലെങ്കിൽ രാഷ്ട്രീയ രംഗത്ത് രണ്ടാം കക്ഷിയെന്നിനില അതിനു മേലിൽ ഉണ്ടാകാൻ പോകുന്നില്ല. ഇപ്പോൾ തന്നെ മടായിയെപ്പോലുള്ള നിയോജക മണ്ഡലത്തിൽവരെ വലത് കമ്യൂണിസ്ററ് സ്ഥാനാർത്ഥിക്ക് പിന്തുണ നൽകേണ്ടസ്ഥിതിയിൽ കോൺഗ്രസ്സിനു ചെന്നെത്തേണ്ടിവന്നു. എന്നിട്ടും അതിന്റെ ഫലമായി മാർക്സിസ്ററുകാരെ പരാജയപ്പെടുത്താനോ മന്ത്രിസഭയെ നിലനിർത്താനോ ഉള്ള സാഹചര്യം ഉണ്ടാക്കാൻ സാധിച്ചതുമില്ല.

വ ബോധമുണ്ടായിയെന്നും മാവോ ചിന്തയിൽ അദ്ദേഹം ആവേശംകൊണ്ടു തുടങ്ങിയെന്നും പറയുന്നതിൽ എന്തോപന്തികേടുണ്ട്. ലോകത്തിലൊരിടത്തും തന്നെ ഇങ്ങിനെയൊരു നേതാവ് വിപ്ളവം നയിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിപ്ളവപ്രസ്ഥാനവും അതിന്റെ വിജയവും, നേതാവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നുവെന്ന ചരിത്രയാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയുടെ ഈ പോരായ്മയെ വിസ്മരിക്കാനാവുകയില്ല.

## ശിഥിലീകരണ പ്രവണത

ഇതിനെക്കാളുപരിയായി ഗുരുതരമായിരിക്കുന്നത് മാവോസേതുങ്ങിനോട് കൂറു പ്രഖ്യാപിക്കുന്നവർ തമ്മിൽ തന്നെയുള്ള രൂക്ഷമായ അഭിപ്രായസംഘട്ടനങ്ങളാണ്. കമ്യൂണിസ്റ്റ് വിപ്ളവകാരികൾ എന്നു പറയപ്പെടുന്നവർ തന്നെ ഇന്നു ഇന്ത്യയിൽ നാലോ അഞ്ചോ വിഭാഗങ്ങളുണ്ട്. ഇതിൽ ആന്ധ്രയിലെ നാഗിറെഡ്ഡി ഗ്രൂപ്പുമായി ചാരുമജുംദാറിന്റെ പാർട്ടിക്കു തീവ്രമായ അഭിപ്രായവ്യത്യാസങ്ങളാണുള്ളത്. പരിവർത്തനമാഗ്രഹിക്കുന്നവർക്കു നിസ്സാരമെന്നു തോന്നുന്ന ഈ ഭിന്നതകൾ പോലും മാവോസേതുങ്ങിന്റെ നേതൃത്വം അംഗീകരിക്കുന്ന ഇരുകൂട്ടർക്കും പൊറുക്കാനാവാത്തതുമാണ്.

ആന്ധ്രയിലെ കമ്യൂണിസ്റ്റ് വിപ്ളവകാരികൾ ചാരുമജുംദാറിന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിയെ തിരുത്തൽവാദികളെന്നും പെററിബൂർഷ്വാസി തിരുത്തൽവാദികളെന്നും അധിക്ഷേപിക്കുന്നുണ്ട്. വർഗ്ഗശത്രുക്കളെ നിർമ്മാർജ്ജനം ചെയ്തു വിമോചനപ്രദേശങ്ങൾ ഉണ്ടാകുന്നതിനു കമ്യൂണിസ്റ്റ് വിപ്ളവകാരികൾ എതിരാണെന്നാണ് മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടി ആരോപിക്കുന്നതു്. രണ്ടുകൂട്ടരും മാവോസെതുങ്ങിന്റെ അഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ട് പരസ്പരം നിസ്സാരകാര്യങ്ങളെച്ചൊല്ലി നടത്തുന്ന വിവാദം ആത്മാർത്ഥതയുള്ളവർക്ക് അരിശമുണ്ടാക്കുന്നതാണ്. ഉദാഹരണത്തിന് ഗൊറില്ലായുദ്ധത്തെപ്പററി ഇരുകൂട്ടർക്കുമുള്ളയഭിപ്രായങ്ങൾ നോക്കണം. ഗ്രാമപ്രദേശങ്ങളിൽ വർഗ്ഗശത്രുക്കൾക്കെതിരായി ഒളിപ്പോർ സംഘടിപ്പിക്കുന്നതു വഴി ജനങ്ങളെ രാഷ്ട്രീയബോധമുള്ളവരാക്കി സായുധസമരത്തിനു സജ്ജമാക്കണമെന്നാണ് മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിയുടെ അഭിപ്രായം. കമ്യൂണിസ്റ്റ് വിപ്ളവകാരികളെ സംബന്ധിച്ചിടത്തോളം ഫ്യൂഡലിസം അവസാനിപ്പിക്കുന്നതും അദ്ധ്വാനിക്കുന്ന കർഷകതൊഴിലാളികൾക്കു ഭൂമി നൽകുന്നതുമാണ് ഉടനടിയുള്ള പരിപാടി. ഈ പരിപാടി ഗ്രാമീണജനതയെ സമരത്തിലേക്ക് നയിക്കുമെന്നും അതു് സായുധസമരമായി വികസിക്കുമെന്നും അവർ കരുതുന്നു. ഇരുകൂട്ടരും തങ്ങളുടെ പരിപാടി ന്യായീകരിക്കുന്നതിനു മാവോസെതുങ്ങിന്റെ അഭിപ്രായങ്ങളെ ഉദ്ധരിക്കുന്നുമുണ്ട്. ഇന്ത്യയെപോലെ അതിവിശാലമായ ഒരു രാജ്യത്തെ എല്ലായിടത്തും ഐക്യരൂപമുള്ള ഒരേയൊരു വിപ്ളവപരിപാടി വേണം സ്വീകരിക്കാനെന്ന ധാരണ തന്നെ അടിസ്ഥാനപരമായി തെററാണെന്നു കാണാൻ ഇവർക്ക് സാധിക്കാത്തതാണത്ഭുതം. ഭൂപരിഷ്ക്കരണനിയമങ്ങൾ കുറെയൊക്കെ മുമ്പോട്ടുപോകുകയും കുടികിടപ്പവകാശം വളച്ചുകെട്ടിസ്ഥാപിക്കുകയും ചെയ്തിട്ടുള്ള കേരളത്തിലേയും ശതക്കണക്കിനു ഏക്കർ ഭൂമി കൈവശം വെച്ചുകൊണ്ട് കർഷകത്തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഉത്തർപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിലേയും ഗ്രാമീണ കർഷകരംഗം സാമ്യമുള്ളതാണെന്നു എങ്ങിനെ കരുതാൻ കഴിയും? വിപ്ളവം ഒരു യുദ്ധമാണെങ്കിൽ കേവലം യുദ്ധതന്ത്രപരമായ നീക്കുപോക്കുകൾതന്നെ ഭൂപ്രകൃതിയേയും മററു സാഹചര്യങ്ങളേയും ആശ്രയിച്ചാണിരിക്കുന്നതെന്ന പ്രാഥമികസത്യം പോലും വിസ്മരിച്ചുകൊണ്ട് മാവോസെതുങ്ങിന്റെ പേരിൽ വാദകോലാഹലങ്ങൾ ഇരുകൂട്ടരും നടത്തുന്നത് ഒട്ടും നീതികരിക്കാനാവില്ല. ഇതിലേറെ പരിതാപകരമായ കാര്യം പതിവുപോലെതന്നെ തിരുത്തൽവാദികളെന്നും പിന്തിരിപ്പന്മാരെന്നും പരസ്പരം നടത്തുന്ന ശകാരമാണ്.

അതേപോലെതന്നെ ബംഗാളിൽ മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിക്കാരും മാർക്സിസ്റ്റ് പാർട്ടിക്കാരും തമ്മിലും ധാരാളം സംഘട്ടനങ്ങൾ നടക്കുന്നുണ്ട്. ജാദവ്പൂർ സർവ്വകലാശാലാ പരിസരത്ത് ഇരുകൂട്ടരും തമ്മിൽ കൊലപാതകങ്ങൾ തന്നെനടന്നു. രണ്ട് പാർട്ടിക്കാരും തമ്മിലുള്ള വിദ്വേഷം പരക്കെ വ്യാപിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്. നക്സലൈററുകളെന്നു പറയപ്പെടുന്ന അഞ്ചുപേരെങ്കിലും വധിക്കപ്പെട്ടിട്ടുണ്ട്. ഒരു മാർക്സിസ്റ്റുകാരനും കൊല്ലപ്പെട്ടു. കൊന്നിട്ടില്ലെന്നതൊഴിച്ചാൽ പരസ്പരം ദ്രോഹോപദ്രവമേല്പിച്ചതിന്റെ കഥകൾ നിരവധിയാണ്.

ഇത്തരത്തിലുള്ള സംഘട്ടനങ്ങളും കൊലപാതകങ്ങളും ഗൊറില്ലസമരത്തെ എങ്ങിനെയാണ് സഹായിക്കുന്നതെന്നു മനസ്സിലാകുന്നില്ല. വെള്ളത്തിൽ മീനിനെപ്പോലെ ഗൊറില്ലകൾക്ക് ജനങ്ങൾക്കിടയിൽ സഞ്ചരിക്കാൻ കഴിയണമെന്നാണ് മാവോസേതുങ്ങ് തന്നെ പറഞ്ഞിട്ടുള്ളത്. പക്ഷെ, മാർക്സിസ്ററ് ലെനിനിസ്ററ്പാർട്ടിയുടെ 'ഗൊറില്ല'കൾ ആളുകൾക്കിടയിൽ സ്വാധീനമുറപ്പിക്കുന്നതിനുപകരം ഒററപ്പെട്ട കൊലപാതകികളാകാൻ തുടങ്ങുന്നതരത്തിലാണ് പെരുമാറുന്നതെന്നു പല റിപ്പോർട്ടുകളിൽ നിന്നും കാണുന്നുണ്ട്. ഈയിടെ ഒരു ബോംബേറിനുശേഷം ഓടിപ്പോയ രണ്ട് നക്സൽബാരികളെ പിന്തുടർന്നു ജനക്കൂട്ടം ഓടിയെത്തിയെന്നും ഇരുവരേയും തല്ലിച്ചതച്ച് കൊല്ലാറാക്കിയെന്നും വാർത്ത കണ്ടു. ഈയനുഭവം യഥാർത്ഥത്തിലുള്ള ഗൊറില്ലാ പ്രവർത്തനത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്.

ബംഗാളിൽ തന്നെ ബങ്കുറാമിസ്നാപ്പൂർ, ജൽപെയ്ഗുരി എന്നിവിടങ്ങളിൽ മാർക്സിസ്ററ് കമ്യൂണിസ്ററുകാരും മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിക്കാരും തമ്മിൽ വലിയ സംഘട്ടനങ്ങളുണ്ടാകുന്നില്ലെന്നാണ് പറയുന്നത്. ഇ

### കത്തുകൾ (തുടർച്ച)

രൂപം ഒരു ഹിന്ദുസന്യാസിയുടേതായ് പ്രത്യക്ഷപ്പെട്ടില്ല? ക്രിസ്തുവിന്റെ സമകാലികനായ ഒരു പുരോഹിതന്റെ ചിത്രം ഒരു കലാകാരന്റെ ഭാവനയിൽ ഉടലെടുത്തപ്പോൾ അതു ക്രിസ്തീയ വർഗീയതക്ക് ബീജാവാപം ചെയ്യുന്നു. സത്യം പറഞ്ഞാൽ ആ പുരോഹിതനെകണ്ടാൽ കർമ്മലീത്താവൈദീകരോടു സാമ്യമുണ്ടെന്നു പറയാം. അതായിരിക്കാം ദീപിക തന്നെ ഈ വാർത്ത പ്രധാനതലക്കെട്ടിൽ പ്രസിദ്ധീകരിച്ചതു്. ഓ അവിടെയും തെററിപ്പോയി. സമുദായ സേവനമാണല്ലോ. ദീപികയുടെ ലക്ഷ്യം. ഈ വിധ വൃത്തികേടുകളെ മുഖം നോക്കാതെ വിമർശിക്കുന്ന നിങ്ങൾക്ക് അഭിനന്ദനങ്ങൾ.

വായനക്കാരൻ.
കരിയനാട്

തിനു കാരണം ഇരുകൂട്ടരുടേയും പൊതു ശത്രുവായി ജോട്ടേദാർമാരും, പണം പലിശക്കു കൊടുക്കുന്ന മുഷ്കരും മററും ഗ്രാമങ്ങളിൽ വാഴുന്നതാണത്രെ. ഇക്കൂട്ടരെ നേരിടുന്നതിനു രണ്ടു പാർട്ടികളും യോജിച്ചുകൊണ്ടിരിക്കുന്നുണ്ട്. അപ്പോൾ നക്സൽബാരികളുടെ ഗൊറില്ലാപ്രവർത്തനം പൊതുശത്രുവിനെതിരായി നടത്തുമ്പോൾ ജനങ്ങളിൽ സ്വാധീനമുറപ്പിക്കാൻ ഉപകരിക്കുന്നുണ്ടെന്നും എന്നാൽ പലപ്പോഴും ഇതിനു വിപരീതമായ അനുഭവവും ഉണ്ടാകുന്നുവെന്നുമാണ്.

ഇത്രയും നാളത്തെയനുഭവത്തിൽ നിന്നു നക്സൽബാരികളുടെ സായുധാക്രമണങ്ങളുടെ ഫലത്തെ ഒന്നു വിലയിരുത്തി നോക്കേണ്ടതാണ്. ജനങ്ങളുടെ രാഷ്ട്രീയബോധം ഉണർത്തുക, വർഗ ശത്രുവിനെതിരായി സായുധസമരത്തിനു അവരെ സജ്ജമാക്കുക, വിമോചിത പ്രദേശങ്ങൾ സ്ഥാപിക്കുക എന്നീലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയായിരിക്കണമല്ലോ ഗൊറില്ലാപ്രവർത്തനം. അവിടവിടെയായി പോലീസുമായി ഉണ്ടാകുന്ന ഏററുമുട്ടലുകളും കൽക്കത്താനഗരിയിൽ വിദ്യാർത്ഥികളുടെ ബോംബേറുകളും കഴിച്ചാൽ ജനങ്ങളെ വർഗശത്രുവിനെതിരായി ഒന്നിപ്പിക്കുകയെന്ന പ്രാഥമികകൃത്യത്തിൽ തന്നെ നക്സൽബാരികൾ വളരെ മുന്നോട്ടുപോയതായിപ്പറയാനാവില്ല. കാരണം ആന്ധ്രയിലെ ശ്രീകാകുളത്ത് നടന്നതുപോലെ പോലീസുമായി നിരന്തരമുണ്ടായ ഏററുമുട്ടൽ ബംഗാളിൽ ഒരിടത്തും ഉണ്ടായതായി അറിവില്ല. തങ്ങളുടെ പേരുതന്നെയുണ്ടാകാൻ ഇടയായ നക്സൽബാരിയിലെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് പത്രറിപ്പോർട്ടുകളിൽ ഒന്നും കാണാനുമില്ല. മൂന്നുവർഷംമുമ്പ് നക്സൽബാരിയിൽ ആരംഭിച്ച ചെറുത്തുനിൽപ്പ് ഇന്നും തുടരുന്നുണ്ടോയെന്നും മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിയുടെ ഗൊറില്ലാപ്രവർത്തനത്തിനു തക്കതായ സ്വാധീനം അവിടെയും ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ചു നോക്കേണ്ടതാണ്. നക്സൽബാരിയെക്കുറിച്ച് ഇന്നു അധികം കേൾക്കാത്തതുകൊണ്ട് അങ്ങിനെ സംഭവിച്ചിട്ടില്ലെന്നുവേണം കരുതാൻ. അതിന്റെയർത്ഥം ചാരുമജുംദാറിന്റെ പ്രവർത്തനത്തിൽ എന്തോപോരായ്മകളുണ്ടെന്നാണ്.

ഈ പോരായ്മയുടെ അടിസ്ഥാനം മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിയുടെ വിപ്ലവമാർഗ്ഗത്തിന്റെ പോരായ്മതന്നെയാണെന്നു കരുതണം. സായുധസമരത്തിലൂടെ രാഷ്ട്രീയാധികാരം പിടിച്ചുപററുകമാത്രമാണ് ഒരു കമ്യൂണിസ്ററുകാരന്റെ പരിപാടിയെന്നു പാർട്ടികരുതുന്നു. മററുപരിവർത്തനങ്ങളെല്ലാം തന്നെ രാഷ്ട്രീയാധികാരംകൈവരുന്നതുവരെ കാത്തിരുന്നേ പററുവെന്നാണവർ കരുതുന്നതു്. തനിമാർക്സിസ്ററ് വീക്ഷണത്തിൽ ഈ ചിന്താഗതി തെററാണെന്നു പറയാനാവില്ല. പക്ഷെ രാഷ്ട്രീയാധികാരം തോക്കിന്റെ കുഴലിലൂടെ നേടാൻ ശ്രമിക്കുംമുമ്പ് തോക്കും അതുപയോഗിക്കാനുള്ള കഴിവും ഉണ്ടായിരിക്കണമല്ലോ. മാത്രമല്ലാ, ശത്രുവിന്റെ കയ്യിലും തോക്കുണ്ടെന്നു കരുതിയേ പററു. അപ്പോൾ സായുധസമരവും ഒളിപ്പോരും തക്കതായ തയാറെടുപ്പ് കൂടാതെ നടന്നത് പാളിച്ചകൾക്കും കനത്ത തിരിച്ചടികൾക്കും ഇടയാക്കുന്നതാണെന്നു തീർച്ച. ഇപ്പോൾതന്നെ നക്സൽബാരികൾക്കെതിരെ അത്തരത്തിൽ ചില നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടു. നക്സൽബാരികളെ കൂട്ടമായി അറസ്ററ് ചെയ്യുന്നതും നിയമസമാധാന പ്രശ്നമായിക്കരുതി അവരെ അമർച്ചചെയ്യണമെന്നു വൻകിടപത്രങ്ങൾ മുറവിളി കൂട്ടുന്നതും അതിന്റെ ലക്ഷണമാണ്. ചെറിയ തോതിൽ ഇന്തോനേഷ്യയാവർത്തിക്കാൻ നക്സൽബാരികളുടെ ശത്രുക്കൾ ഒരുക്കം കൂട്ടുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

## വിപ്ലവത്തിന്റെവഴി

വിഷമതയും വേഗതയും പരിഗണിച്ചായിരിക്കണം വിപ്ലവത്തിന്റെ വഴി നിശ്ചയിക്കേണ്ടത്. വിപ്ലവകാരികളുടെ ഓരോ കാൽവെപ്പും വിപ്ലവത്തെ മുന്നോട്ടു നയിക്കുന്നതിനായിരിക്കണം. ഇന്നു നക്സൽബാരികൾ ചരിത്രപരമായ വസ്തുതകളെ വേണ്ട വണ്ണം വിലയിരുത്തിയിട്ടുണ്ടോ എന്നു ആശങ്കിക്കേണ്ടിയിരിക്കുന്നു. സാമ്രാജ്യത്വം നേരിട്ടുള്ള സൈനികമായ ഇടപെടലുകൾക്കു മടിക്കുകയില്ലെന്നു തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്. വിയററ്നാമിലും ലാവോസിലും കമ്പോഡിയയിലും നടക്കുന്നത് അതാണ്. കൊറിയയിൽ നടന്നുകഴിഞ്ഞതും അതാണ്. ഇന്ത്യയുടെ മണ്ണിൽ വിദേശസാമ്രാജ്യത്വത്തിന്റെ സൈന്യങ്ങളുമായി ഏററുമുട്ടലുകൾ ക്ഷണിച്ചുവരുത്തേണ്ടയാവശ്യമൊന്നുമില്ല. നക്സൽബാരികളുടെ മാവോസ്ഥതിയും വിപ്ലവരീതിയും സാമ്രാജ്യത്വ സൈന്യങ്ങളെ ക്ഷണിച്ചുവരുത്തുന്നവയാണ്. അങ്ങിനെ സാമ്രാജ്യത്വ സൈന്യങ്ങളുമായി ഉണ്ടാകുന്ന ഏററുമുട്ടൽ വിപ്ലവത്തെ ത്വരിതപ്പെടുത്തുമെന്നു കണക്കാക്കുന്നത് തെററാണ്. വിയററ്നാമിൽ കാൽശതാബ്ദത്തിലേറെക്കാലമായി സാമ്രാജ്യത്വ സൈന്യത്തിനെതിരെ വിയററ്നാം ജനത പോരാട്ടംനടത്തിക്കൊണ്ടിരിക്കുകയാണ്. ലാവോസിലുംകമ്പോഡിയയിലുംസാമ്രാജ്യത്വം പുതിയ സമരമുഖങ്ങൾ തുറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വത്തിന്റെ തുറന്നഇടപെടലിൽ നിന്നു ഇന്ത്യയെ ഒഴിച്ചുനിർത്താൻ സാധിക്കുമെങ്കിൽ ഇന്ത്യയിലെ വിപ്ലവകാരികൾ ആ മാർഗ്ഗമാണ് തെരഞ്ഞെടുക്കേണ്ടത്.

ഇന്നത്തെ അന്താരാഷ്ട്ര സ്ഥിതിഗതികളിൽ പിക്കിങ്ങ് ആണ് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിന്റെ തലസ്ഥാനമെന്നു നക്സൽബാരികൾ കരുതുന്നുണ്ടു. അതിൽ വലിയ തെററുമില്ല. പക്ഷെ പിക്കിങ്ങ് കേന്ദ്രമാക്കി നടക്കുന്ന പോരാട്ടത്തിലും ദേശീയമായ ശക്തികളെ ഒന്നിപ്പിച്ചുകൊണ്ടു പോകാനാണ് ശ്രമമെന്നു വിസ്മരിക്കരുത്. കമ്പോഡിയയിലെ സിഹനൌക്ക് രാജകുമാരൻ കമ്യൂണിസ്ററായതുകൊണ്ടല്ലാ പിക്കിങ്ങ് അദ്ദേഹത്തിനു പിന്തുണ നൽകുന്നത്. സാമ്രാജ്യത്വ ശക്തികൾക്കെതിരായുള്ള പോരാട്ടത്തിൽ ദേശീയശക്തികളെ ഒന്നിപ്പിക്കേണ്ടത് അനിവാര്യമാണെന്ന ബോധംകൊണ്ടാണ് അങ്ങിനെ ചെയ്യുന്നത്. മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിയും ഇന്ത്യയിൽ അത്തരത്തിലുള്ളയൊരു സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. സാമ്രാജ്യത്വ സൈന്യത്തിന്റെ തുറന്നഇടപെടൽ ഒഴിവാക്കുന്ന തരത്തിൽ ഇന്ത്യയിലെ വിപ്ലവപ്രസ്ഥാനം സംഘടിപ്പിക്കുന്നതായിരിക്കും അതിന്റെ വിഷമത കുറക്കാനും വേഗത കൂട്ടാനും പററിയ മാർഗ്ഗം.

ഇത് മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ വിപ്ലവത്തെ മുന്നോട്ടു നയിക്കുന്നതിനു ഗൊറില്ലാസമരമൊഴികെയുള്ള എല്ലാമാർഗ്ഗങ്ങളേയും പാടെ തിരസ്കരിക്കുന്നത് ശരിയായിരിക്കുകയില്ലെന്നു കാണാം. ആദ്യത്തെ തൊഴിലാളിവിപ്ലവം നടന്ന രാജ്യങ്ങളിലെ സാഹചര്യങ്ങളല്ലാ ഇന്നുഇന്ത്യയിലുള്ളത്. ആദ്യത്തെ വിപ്ലവം നടക്കുമ്പോഴുള്ള സ്ഥിതിഗതികളിൽ നിന്നു ലോകമുതലാളിത്തവും മുന്നോട്ടുപോയിട്ടുണ്ട്.

ഇന്ത്യയിൽ കേരളവും ബംഗാളും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയെ തെരഞ്ഞെടുപ്പിലൂടെ തന്നെയധികാരത്തിലെത്തിക്കുന്ന സംസ്ഥാനങ്ങളാണെന്നത് ഇന്തിയിലെ വിപ്ലവകാരികൾ പരിഗണിക്കേണ്ട സാഹചര്യമാണ്. പാർലിമെന്ററി ഭരണസമ്പ്രദായത്തിന്റെ പരിമിതികളും ഭരണഘടനയുടെ ബൂർഷ്വാസ്വഭാവവും എത്രതന്നെ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും ശരി രാഷ്ട്രീയാധികാരത്തിന്റെ ചെറിയ അംശം മാർക്സിസത്തിൽ വിശ്വസിക്കുന്ന രിഷ്ട്രീയകക്ഷികൾക്കു തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നൽകുന്നുവെന്നത് വിസ്മരിക്കരുത്.

ശത്രുവിന്റെ ആയുധം പിടിച്ചെടുത്ത് അതുപയോഗിച്ച് ശത്രുവിനെ നേരിടുന്ന യുദ്ധതന്ത്രംപോലെത്തന്നെ, നിലവിലുള്ള ഭരണസംവിധാനത്തിന്റെ എല്ലാസ്ഥാപനങ്ങളേയും വിപ്ലവത്തെ മുന്നോട്ട് നയിക്കുന്നതിനുള്ള ഉപകരണമാക്കുന്നതാണ് ശരിയായ തന്ത്രം. കോടതികളും സർവ്വകലാശാലകളും പാർലിമെൻറും എല്ലാം ഇങ്ങനെ വിപ്ലവപ്രസ്ഥാനത്തിന്റെ രംഗങ്ങളാക്കുകയാണുവേണ്ടത്. ഇതൊക്കെ യുക്തിപൂർവ്വം ചരിത്രയാഥാർത്ഥ്യങ്ങളെയും ഭൌതികസാഹചര്യങ്ങളേയും വിലയിരുത്തുന്ന പരിവർത്തന വാദിയായ രാഷ്ട്രീയ വിദ്യാർത്ഥിക്കു എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷെ നമ്മുടെ നാട്ടിലെ കമ്യൂണിസ്റ്റുകാർ എപ്പോഴും വരട്ട് തത്വവാദങ്ങളിലും ആചാര്യന്മാരെ ഉദ്ധരിക്കുന്നതിലുംഅതിരുകടന്ന താല്പര്യം പ്രദർശിപ്പിക്കുന്നവരാണ്. അതുകൊണ്ട് അവർക്കു വേണ്ടി ലെനിനെത്തന്നെയുദ്ധരിക്കാം. "ഏററവും നിശിതവും നിർദ്ദയവും വിട്ടുവീഴ്ചയില്ലാത്തതുമായ വിമർശനം നടത്തേണ്ടത് പാർലിമെന്ററി സമ്പ്രദായത്തിന്റേയോ പാർലിമെൻററിപ്രവർത്തനങ്ങളുടേയോ നേർക്കല്ല, നേരെ മറിച്ച്, പാർലിമെൻറ് തെരഞ്ഞെടുപ്പുകളേയും പാർലിമെൻറ് വേദിയേയും വിപ്ലവാർത്ഥകമായും കമ്യൂണിസ്റ്റ് രീതിയിലും ഉപയോഗപ്പെടുത്തുവാൻ കഴിവില്ലാത്തവരും അതിലുമുപരി അതിനു മനസ്സില്ലാത്തവരുമായ നേതാക്കന്മാരുടെ നേർക്കായിരിക്കണം. ഇങ്ങനെ വിമർശിക്കുകയും അതോടൊപ്പം കഴിവില്ലാത്ത നേതാക്കന്മാരെമാററികഴിവുള്ളവരെ തൽസ്ഥാനത്ത്‌വെക്കുകയും ചെയ്താൽ മാത്രമേ പ്രയോജനപ്രദവും ഫലപ്രദവുമായ വിപ്ലവപ്രവർത്തനമാകുകയുള്ളു. അത് തൊഴിലാളി വർഗ്ഗത്തിനും അദ്ധ്വാനിക്കുന്ന എല്ലാബഹുജനങ്ങൾക്കും അർഹന്മാരാകത്തക്കവിധം 'നേതാക്കന്മാരേ'യും രാഷ്ട്രീയ സ്ഥിതിഗതികളും അവയിൽനിന്നുളവാകുന്നു. പലപ്പോഴും വളരെ കുഴപ്പം പിടിച്ചതും സങ്കീർണ്ണവുമായ കടമകളും ശരിയായി ഗ്രഹിക്കാൻ കഴിയത്തക്കവണ്ണം ബഹുജനങ്ങളേയും ഒരേസമയത്ത് പരിശീലിപ്പിക്കുന്നതാണ്",, (ബഹുജനങ്ങൾക്കിടയിലെ പാർട്ടിപ്രവർത്തനം ലെനിൻ)

ലെനിൻ ഇങ്ങനെയെഴുതിയ സന്ദർഭത്തിൽ ഗ്രേററ്‌ബ്രിട്ടണിൽപ്പോലും പ്രായപൂർത്തിവോട്ടവകാശം ഇന്നത്തെരീതിയിൽ നടപ്പുണ്ടായിരുന്നില്ലെന്നു ഓർക്കണം. സ്ത്രീകൾക്കു വോട്ടവകാശമുണ്ടായിരുന്നില്ല. അ സ്ഥിതിഗതികളിൽ നിന്നു പാർലിമെൻററി സമ്പ്രദായം വളർന്നു വോട്ടവകാശത്തിന്റെ കാര്യം കുറെ കൂടിജനാധിപത്യാടിസ്ഥാനത്തിൽ എത്തിയിട്ടുണ്ടെന്നു സമ്മതിക്കേണ്ടതാണ്. അതുകൊണ്ടുതന്നെ ലെനിന്റെ നിർദ്ദേശം മുമ്പെത്തേക്കാൾ കൂടുതൽ ഉപയോഗപ്പെടുത്താവുന്ന സാഹചര്യമാണ് ഇന്നുള്ളത്.

എന്നാൽ ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ തന്നെ പാർലിമെൻറിനെ വിപ്ലവാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻകഴിയാത്തവരെ നിർദ്ദയം വിമർശിക്കാതെ തരമില്ല. ഈ രാജ്യത്തെ മാർക്സിസ്റ്റ് കക്ഷിയുൾപ്പെടെയുള്ള ഇടതുപക്ഷകക്ഷികൾക്കു തങ്ങൾ വിപ്ലവാത്മകമായ പരിവർത്തനത്തിനു നിലകൊള്ളുന്നവരാണെന്നു ബോദ്ധ്യപ്പെടുത്തുന്നതിനു പാർലിമെൻറിനെ പ്രയോജനപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ല. മുൻഗവർമ്മെണ്ടുകളുടെ തുടർച്ചയെന്ന നിലക്കല്ലാതെ സംസ്ഥാനങ്ങളിൽ അധികാരത്തിൽ വന്ന മാർക്സിസ്റ്റ് മന്ത്രിസഭകൾ പോലും പ്രവർത്തിച്ചിട്ടില്ല. പാർലിമെൻററിഭരണത്തിന്റെ യാനുകൂല്യങ്ങൾ അനുഭവിച്ചു അൽപ്പമായ അധികാരങ്ങൾ രുചിച്ചും കഴിയുന്നതിൽ ഇടതുപക്ഷകക്ഷികൾ കാണിച്ച അതിയായ താൽപ്പര്യമാണ്. ഒരുപക്ഷെ, 'ഗൊറില്ലാസമര, മെന്ന ഏകപരിപാടിയിൽ വിപ്ലവ പ്രസ്ഥാനത്തെകൊണ്ട്‌ചെന്നെത്തിച്ചതു്. അതുകൊണ്ടാണ് ഏറെക്കുറെ പ്രായം ചെന്ന മാർക്സിസ്റ്റ് നേതൃത്വത്തിന്റെ വിപ്ലവ സ്വഭാവത്തിൽ സംശയാലുക്കളായ യുവാക്കൾ നക്സൽബാരിപ്രസ്ഥാനത്തിൽ ആകൃഷ്ടരാവുന്നതും.

യുവാക്കളുടെ ഈ സമര വ്യഗ്രത മറെറാരു യാഥാർത്ഥ്യത്തെക്കൂടി വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. യാഥാസ്ഥിതിക മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വങ്ങൾ എന്തൊക്കെപ്പറഞ്ഞാലുംശരി സ്ഥാപിതതാൽപര്യങ്ങളില്ലാത്തവരും കുടുംബബന്ധങ്ങളിൽ കുടുങ്ങാത്തവരും ആദർശപ്രേരിതരുമായ യുവാക്കൾക്ക് ഇനിയങ്ങോട്ടുള്ള ലോകവിപ്ലവ പ്രസ്ഥാനത്തിൽ ഗണനീയമായിപങ്കുവഹിക്കാനുണ്ടെന്നതാണ് ആ യാഥാർത്ഥ്യം. കേവലം ഉള്ളവനും ഇല്ലാത്തവനും എന്ന നിലയും ചൂഷകനും ചൂഷിതനും എന്ന നിലയും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. സ്ഥാപിത താൽപ്പര്യങ്ങളുടെ അളവിൽമാത്രം വ്യത്യാസമുള്ള ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരും ഫാക്ടറിത്തൊഴിലാളികളും ജനാധിപത്യ സമ്പ്രദായത്തിൽ വളർന്നു വന്നിട്ടുണ്ട്. വ്യവസായ തൊഴിലാളികളിൽ മിക്കവരും കേരളത്തിൽപോലും ഇടത്തരക്കാരെന്ന നിലയിൽ എത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ അവർ ഇടത്തരക്കാരുടെ സമ്പാദ്യതൃഷ്ണ പ്രകടിപ്പിക്കുന്നവരാന്ന്. തവണകളായി പണമടച്ച് സമ്പാദിക്കാവുന്ന ഉപഭോഗവസ്തുക്കളിൽ അവർ അതിയായ ആഗ്രഹം കാണിക്കുന്നു. വിപ്ലവബോധത്തെ അറിയാതെ കെടുത്തിക്കളയുന്ന ഈ സമ്പാദ്യതൃഷ്ണ കാരണം നീണ്ട നിൽക്കുന്ന ഒരു പണിമുടക്കിനുപോലും ഇന്നു വ്യവസായ തൊഴിലാളി സന്നദ്ധനല്ല. രാഷ്ട്രീയസാമൂഹ്യാവശ്യങ്ങൾക്കുവേണ്ടി നിസ്സാരമായ സമ്പാദ്യം പോലും വേണ്ടെന്നു വെക്കാൻ അവർ കൂട്ടാക്കുന്നില്ല.

ഇതേ നിലതന്നെ കുടികിടപ്പുകാരിലും കർഷകത്തൊഴിലാളികളിലും വന്നു ചേർന്നു കൂടായ്കയില്ല. സ്ഥലം വളച്ചുകെട്ടലും തേങ്ങയിടലും അത്രത്തോളം സ്ഥാപിത താൽപര്യമുണ്ടാകുന്നുവെന്നതു് നിഷേധിക്കാനാവില്ല. അദ്ധ്വാനിക്കുന്നവർക്കു കിട്ടുന്ന താൽക്കാലികാശ്വാസമെന്നതിലുപരിയായ സ്ഥാനം ഇത്തരം പരിഷ്ക്കരണങ്ങൾക്കു നൽകുന്നുവെങ്കിൽ വിപ്ലവ പ്രസ്ഥാനം മന്ദഗതിയിലാകുമെന്നു കരുതലുണ്ടായിരിക്കണം. ഇവിടെയാണ് മാർക്സിസ്റ്റ്-ലെനിസ്റ്റ് പാർട്ടിയുടേയും നക്സൽബാരികളുടേയും സേവനത്തിനു പ്രാധാന്യമുണ്ടാകുന്നതു്. സ്ഥാപിത താൽപ

Vcl. 1
No. 17

# NIRNAYAM

(ERNAKULAM 31st MAY 1970)

Price 35 Ps.

## കുറിപ്പുകൾ (2-ാം പേജ് തുടർച്ച)

ണ്ടും നിയമനമില്ലാത്തതുകൊണ്ടും കുഴപ്പങ്ങൾ ഉണ്ടാകാറില്ലെന്നും മററു ഗവർമ്മെണ്ടു സ്കൂളുകളിലെ അദ്ധ്യാപകർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഭരണരംഗത്തുണ്ടാകുന്ന ഈ പോരായ്മകളെങ്കിലും എല്ലാ ഗവർമ്മെണ്ടു സ്കൂളുകളിലും പരിഹരിക്കുന്നതിനു അടിയന്തര നടപടിയെടുക്കണം.

സംസ്ഥാനത്തിൻെറ വരുമാനത്തിൽ മൂന്നിലൊന്നു ചെലവു ചെയ്യേണ്ടിവരുന്ന വിദ്യാഭ്യാസ വകുപ്പിൻെറ പ്രവർത്തനം ആണ്ടുതോറും പന്ത്രണ്ടുശതമാനം മാത്രം വിദ്യാർത്ഥികളെ എസ്സ്. എസ്സ്. എൽ. സി. പാസ്സാക്കുന്നതിനുപോന്ന നില ഒരിക്കലുമുണ്ടാകരുത്. സ്കൂളുകളുടെ ഭരണം ഗവർമ്മെണ്ടിൻെറ നേരിട്ടുള്ള വിദ്യാഭ്യാസ വകുപ്പിൻെറ കീഴിലായിരിക്കണമെന്നില്ല. സർവ്വകലാശാലയെപ്പോലെ സ്വയം ഭരണാധികാരമുള്ള ഒരു വിദ്യാഭ്യാസ ബോർഡ് വിദ്യാഭ്യാസം സംബന്ധിച്ച എല്ലാകാര്യങ്ങളും കൈകാര്യം ചെയ്യുന്നത് കാര്യക്ഷമത വർദ്ധിപ്പിക്കാനിടയുണ്ടു്.

ഇത്തരം പരിഷ്ക്കരണങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ സാമൂഹ്യസ്ഥിതിഗതികളും വിദ്യാഭ്യാസവുമായുള്ള ബന്ധം വിസ്മരിക്കരുതു്. രക്ഷകർത്താക്കളുടെ സാമ്പത്തിക നിലവാരവും വിദ്യാഭ്യാസ യോഗ്യതയും കുട്ടികളെയും ബാധിക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. പണക്കാരൻ തൻെറ കുട്ടികളെ കണക്കിൽ കാണിക്കാത്ത ഫീസ് കൊടുത്ത് സ്വകാര്യ വിദ്യാലയങ്ങളിലാണ് പഠിപ്പിക്കുന്നത്. കുട്ടികൾക്ക് പ്രത്യേകം ട്യൂഷൻ ഏർപ്പെടുത്തുന്നുണ്ടു്, മുമ്പേതന്നെ പലതരത്തിൽ ഡിറെറൻഷനുകളും മററും നടത്തി പരീക്ഷാഫലത്തിൻെറ മേന്മ കാണിച്ചിരുന്ന വിദ്യാലയങ്ങളിൽ വർഷംതോറും കൂടുതൽ കൂടുതൽ മിടുക്കന്മാരായ വിദ്യാർത്ഥികൾ സ്വാഭാവികമായും വന്നുചേരും. കാരണം കുട്ടികളുടെ പഠിപ്പിൽ ശ്രദ്ധവെയ്ക്കാൻ കഴിയുന്ന മാതാപിതാക്കൾ നല്ല പരീക്ഷാഫലം നോക്കി തങ്ങളുടെ കുട്ടികളുടെ വിദ്യാലയം തെരഞ്ഞെടുക്കും.

ഇങ്ങനെ വന്നുചേരുന്ന വിദ്യാർത്ഥികൾ താരതമ്യേന പഠിപ്പിൽ മിടുക്കന്മാരുമായിരിക്കും. രക്ഷകർത്താക്കളുടെ സാമ്പത്തിക സൌകര്യങ്ങളും കുട്ടികളുടെ വിദ്യാഭ്യാസത്തിലുള്ള താല്പര്യവും ഇത്തരത്തിൽ സ്വകാര്യ വിദ്യാലയങ്ങളുടെ പരീക്ഷാഫലം നന്നാക്കാൻ സഹായിക്കുന്നുണ്ടു്.

എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഒരേ നിലയിലുള്ള സൌകര്യങ്ങൾ നൽകാതെ പരീക്ഷാഫലങ്ങളെ താരതമ്യപ്പെടുത്തുന്നതു് ശരിയായിരിക്കുകയില്ല. എങ്കിലും ഒട്ടാകെ പന്ത്രണ്ടു് ശതമാനം വിദ്യാർത്ഥികൾമാത്രം വിജയിക്കുന്നുവെന്ന നില ഏതു നിലക്കും അനുവദിക്കാവുന്നതല്ല. അതിനു വിദ്യാർത്ഥികളിൽ പഠിക്കാനുള്ള താൽപര്യമുണ്ടാക്കുകയാണു് ആദ്യം ചെയ്യേണ്ടതു്.

പ്രൈമറി ക്ലാസ്സുകളിൽനിന്നാണു് ഇതു് തുടരേണ്ടതു്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധരായ അദ്ധ്യാപകരെ പ്രൈമറിക്ലാസ്സുകളിൽ നിയമിക്കുന്നതിനെപ്പററിയാലോചിക്കണം. ഇവർക്കു ഉയർന്നനിരക്കിൽ ശമ്പളം നൽകാവുന്നതുമാണു്.

ഇന്നത്തെ വിദ്യാലയാന്തരീക്ഷത്തിൽ വിദ്യാർത്ഥികൾക്കു പഠിക്കാനുള്ള വാസനയും ശുഷ്കാന്തിയും ഉണ്ടാകുന്നില്ലെന്നതാണു് യാഥാർത്ഥ്യം. അതിൻെറ പ്രധാന കാരണം സമൂഹവുമായി വിദ്യാലയങ്ങൾ അകന്നുനിൽക്കുന്നതാണു്. കോത്താരികമ്മീഷൻെറ ഭാഷയിൽ "ക്ലാസ്സുമുറികളിൽ രൂപംകൊള്ളുന്ന നാളത്തെ സമൂഹ"ത്തെ പത്തു് പതിനാലുവർഷം ക്ലാസ്സുമുറികളിലേക്കുതന്നെ തള്ളിവിട്ടു് കയ്യുംകെട്ടിയിരിക്കുന്ന ഇന്നത്തെ സമൂഹം വിദ്യാർത്ഥികളുടെ പരാജയത്തിൻെറ ഉത്തരവാദിത്വം വഹിച്ചേ മതിയാകൂ. ലോകത്തെവിടെയെങ്കിലും കേരളത്തിലെപ്പോലെ വിദ്യാഭ്യാസകാര്യങ്ങളിൽ ശ്രദ്ധിക്കാത്ത മുതിർന്ന തലമുറയുണ്ടാകുമോ എന്നു സംശയമാണു്. അദ്ധ്യാപക സമരങ്ങളോ വിദ്യാർത്ഥിസമരങ്ങളോ ശമ്പളപരിഷ്ക്കരണങ്ങളോമാത്രമാണ് ഇവിടെ വിദ്യാലയാന്തരീക്ഷത്തിലേക്കു ശ്രദ്ധതിരിക്കുന്നതു്.

എല്ലാ രംഗത്തിൻേറയും ഊർജ്ജസ്വലതയും കാര്യക്ഷമതയും മേന്മയും രാഷ്ട്രീയരംഗത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. നമ്മുടെ വിദ്യാഭ്യാസത്തിൻെറ മേന്മയും രാഷ്ട്രീയരംഗത്തിൻെറ മേന്മയെയാണ് അന്തിമമായി ആശ്രയിക്കുന്നതു്. രാഷ്ട്രീയക്കാരിൽനിന്നു മാറി രാഷ്ട്രതന്ത്രജ്ഞരിലേക്കു അധികാരം പകരാത്തിടത്തോളം ശാശ്വതമായ പരിഹാരം വിദ്യാഭ്യാസ രംഗത്തു് ഉണ്ടാകുകയുമില്ല.

## കാഴ്ചപ്പാടുകൾ തുടർച്ച

ര്യത്തിൽ നിന്നു അകന്നു നിന്ന ലക്ഷ്യബോധമുള്ള വിപ്ലവപ്രസ്ഥാനത്തിൻെറ തീകെടുത്താതെ സൂക്ഷിക്കുന്നതിൽ കുറയൊക്കെ മാർക്സിസ്ററ് ലെനിനിസ്ററ് പാർട്ടിയിലെ യുവാക്കൾക്കു സാധിക്കുന്നു. അവരുടെ ലക്ഷ്യബോധവും ആത്മാർത്ഥയും സമ്പാദ്യ ചിന്തയിൽ നിന്നുത്ഭവിക്കുന്നതല്ലായെന്നതാണ് ഏററവും ആദരണീയമായകാര്യം.

അതുകൊണ്ടു്, എന്തൊക്കെ ആശങ്കകളുണ്ടെങ്കിലും മാർക്സിസ്ററ് ലെനിനിസ്ററ് വിപ്ളവകാരികൾ രാജ്യത്തിൻെറ പരിവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്നുണ്ടെന്നു തീർച്ച. ഇതിനകം തന്നെ അവരുടെ പ്രവർത്തനം മറെറന്തിനെക്കാളും രാജ്യത്ത് പരിവർത്തന ബോധമുണർത്തിവിട്ടുവെന്നത് തന്നെ അഭിമാനിക്കത്തക്കതാണ്. അവരുടെ ചില പ്രവർത്തനങ്ങളിൽ ആശങ്കയുണ്ടായിരുന്നാൽ പോലും അത് വിപ്ളവത്തിൻെറ വേഗതക്ക് അനുകൂലമായിരിക്കുമോ എന്ന കാരണത്താൽ മാത്രമാണ്. വിപ്ളവം ആവശ്യമില്ലാത്തതുകൊണ്ടല്ല.

സാമ്പത്തികനേട്ടങ്ങളേയും 'സാമൂഹ്യപദവി,,യേയും മാത്രമാശിച്ച് ഡോക്ടർമാരാകാനും പ്രൊഫസർമാരാകാനും നടക്കുന്ന "മിടുക്ക,,ന്മാർ നിറഞ്ഞ ഈ രാജ്യത്ത് എന്തെങ്കിലും പ്രയോജനം ചെയ്യാൻ പോകുന്നവർതന്നെയും കുടുംബത്തെയും വിട്ടുള്ള ലോകത്തെക്കുറിച്ച് ചിന്തിക്കുന്ന നക്സൽബാരികളെപ്പോലുള്ള യുവാക്കളാണ്.

Edited printed and published by M. A. John Convent Road, Cochin-11

at Empees press, Gopalprabhu Road, Cochin-11